ST. THOMAS SYRO MALABAR COMMUNITY - MALTA

# the APOSTLE

**SEPTEMBER** 2026 **PRICE** 0.00€ **VOL 3**



# എഡിറ്റോറിയൽ

സെപ്റ്റംബർ മാസം ഏലിയാ സ്ലീവാ മൂശാക്കാലത്തിലേക്കു നാം പ്രവേശിച്ചു.

കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും മരണവും അന്ത്യവിധിയുമൊക്കെ പ്രത്യേകമായി ധ്യാനിച്ച് ഒരുങ്ങുന്ന കാലഘട്ടം... എട്ടുനോമ്പും അമ്മയുടെ ജനനത്തിരുനാളുംഒരുക്കത്തോടെ അനുസ്മരിക്കാം...

തലമുറകളുടെ തുടർപരിശീലനപ്രക്രിയയിൽ നാം അതീവ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്.

ഇന്ന് പാകുന്ന വിത്തുകളാണ് നാളയുടെ പടുവൃക്ഷങ്ങളാവുക. ഇന്നിന്റെ അപര്യാപ്തതകൾ നാളെയുടെ പരിമിതികളായി പരിണമിക്കും, പ്രത്യേകിച്ച് വിശ്വാസ കൈമാറ്റത്തിന്റെ കാര്യത്തിൽ.!

സെലസ്റ്റിനോ 2026 (സമ്മർക്യാമ്പ്) ന്റെ പ്രസക്തി ഇവിടെയാണ് ഞാൻ കാണുന്നത്. തുടർന്നും വിശ്വാസപരിശീലന രംഗത്ത് നാം കാണിക്കുന്ന താത്പര്യവും ആത്മാർത്ഥതയും ഭാവി സഭാതല, വിശ്വാസതല കാര്യങ്ങളോടുള്ള നമ്മുടെ കരുതലായി കണക്കാക്കേണ്ടതുണ്ട്. വിശ്വാസപരിശീലനരംഗത്ത് ത്യാഗനിർഭരമായി നിസ്വാർത്ഥ ശുശ്രൂഷ നൽകുന്നവർക്ക് ഹൃദ്യമായി നന്ദിയും കടപ്പാടും അറിയിക്കുന്നു. ഈ രംഗത്ത് കാര്യഗൗരവത്തോടെ സഹകരിക്കാൻ എല്ലാ മാതാപിതാക്കൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

മാൾട്ടയിലെ ഏകവിശുദ്ധൻ സെന്റ് ജോർജ്ജ് പ്രെക്ക തന്റെ ജീവിതകാലത്ത് നടത്തിയതും പിൻഗാമികളിലൂടെ തുടരുന്നതുമായ എല്ലാ സംവിധാനങ്ങളുടെയും ഗുണഭോക്താക്കളാകാൻ ഈമാൾട്ടയിൽ നമുക്ക് കഴിയുന്നു എന്നത് അസുലഭ ഭാഗ്യമാണ്. Socitey of christian Doctrine അംഗങ്ങൾക്കും നന്ദി.

ഫാ.മാത്യുവാരുവേലിൽ



# കുട്ടികളുടെ മനസ്സിൽ വിശ്വാസത്തിന്റെയും കുടുംബസ്നേഹത്തിന്റെയും വിത്തുകൾ പാകി സെലസ്റ്റീനോ സമ്മർ ക്യാമ്പ് 2026


കുട്ടികളിൽ ആത്മീയവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സെലസ്റ്റീനോ സമ്മർ ക്യാമ്പ് 2026 ആഗസ്റ്റ് 22, 23 തീയതികളിൽ സൊസൈറ്റി ഓഫ് ക്രിസ്റ്റ്യൻ, ഡോക്ടറിൻ മ്യൂസിയം, ഹാമറൂണിൽ നടന്നു. ഏകദേശം 150 കുട്ടികളും 20 ഓളം അധ്യാപകരും ക്യാമ്പിൽ പങ്കെടുത്തു.





കുടുംബജീവിതത്തിലെ ആദ്ധ്യാത്മീകതയുടെ പ്രാധാന്യം കുട്ടികളിലേക്ക് പകർന്നു നൽകുക എന്നതായിരുന്നു ക്യാമ്പിന്റെ പ്രധാന സന്ദേശം. പ്രഭാഷണങ്ങൾ, കുട്ടികൾക്കായുള്ള വിവിധ ഇന്ററാക്ടീവ് സെഷനുകൾ, ഗെയിംസോൺ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ഫാദർ മാത്യു വാരുവേലിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഫാദർ സ്മിത്ത് വർക്കി സ്രാംബിക്കൽ, ഫാദർ ജോജി തൊണ്ടുപറമ്പിൽ, ബ്രദർ ജോസഫ് ബോണിച്ചി,സിസ്റ്റർ അലോക് M.C., സിസ്റ്റർ കേയസ് M. C. തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.



ക്യാമ്പിന്റെ കോർഡിനേറ്ററായി മിസ്റ്റർ റോയ്സൺ പോളി പ്രവർത്തിച്ചു.

ക്യാമ്പിലെ വിവിധ സെഷനുകളിലും ഗെയിംസോണിലും കുട്ടികൾ ആവേശപൂർവം പങ്കെടുത്തു. പഠനത്തിനും ആത്മീയ വളർച്ചയ്ക്കുമൊപ്പം സൗഹൃദവും





സന്തോഷവും പങ്കുവെക്കാനുള്ള അവസരമായി ക്യാമ്പ് മാറി. കുട്ടികൾക്ക് പുതിയ അറിവുകളും അനുഭവങ്ങളും സമ്മാനിച്ച ക്യാമ്പ് അവർക്കൊരു സന്തോഷകരമായ റിഫ്രഷ്മെന്റ് അനുഭവമായി.








ക്യാമ്പിലെ ഏറ്റവും ശ്രദ്ധേയമായ സാന്നിധ്യങ്ങളിലൊന്നായിരുന്നു 'വല്യമ്മച്ചി'യായി എത്തിയ മതാധ്യാപിക ജിജി. കേരളത്തിന്റെ പരമ്പരാഗത ക്രിസ്തീയ വേഷത്തിൽ ക്യാമ്പിലെത്തിയ ജിജി കുട്ടികളുമായി കഥകളും കവിതകളും പങ്കുവെച്ചു.

പഴമയുടെ മാധുര്യമൂറുന്ന സ്നേഹവും നന്മയും കുട്ടികളിലേക്ക് പകർന്നുനൽകിയ വല്യമ്മച്ചി കുട്ടികൾക്ക് തികച്ചും വ്യത്യസ്തവും ഹൃദയസ്പർശിയുമായ അനുഭവമായി.

വിശ്വാസം, കുടുംബം, സൗഹൃദം, സന്തോഷം എന്നിവയെ അടിസ്ഥാനമാക്കി മനോഹരമായ സന്ദേശങ്ങൾ കുട്ടികളുടെ മനസ്സിൽ പകർന്നുകൊണ്ട് സെലസ്റ്റീനോ സമ്മർ ക്യാമ്പ് 2026 ആഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച സമാപിച്ചു. കുട്ടികളുടെ സജീവ പങ്കാളിത്തവും അധ്യാപകരുടെയും വോളന്റിയർമാരുടെയും സമർപ്പിത സേവനവും ക്യാമ്പിന്റെ വിജയത്തിന് മാറ്റുകൂട്ടി.

# നമ്മുടെ മക്കൾ ഈശോയെ അറിഞ്ഞു വളരട്ടെ...

## 2026-2027 വർഷത്തെ വിശ്വാസപരിശീലന ക്ലാസുകൾക്ക് ഭക്തിനിർഭരമായ തുടക്കം

മാൾട്ട: മാൾട്ട സീറോ മലബാർ സഭയിലെ കുരുന്നുകൾ പുതിയ വിശ്വാസപരിശീലന വർഷത്തിലേക്ക് കാലെടുത്തു വച്ചു. എട്ടുനോമ്പിന്റെ ചൈതന്യത്തിൽ ഭക്തിനിർഭരമായായാണ് 2026-2027 അധ്യയന വർഷത്തിന് തുടക്കമായത്.

സെപ്റ്റംബർ 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.15ന് എംസിഡ സെന്റ് ജോസഫ് പള്ളിയിൽ ചെറുപുഷ്പം മിഷൻ ലീഗിന്റെ പ്രത്യേക പ്രാർത്ഥനയോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് 2.30ന് വികാരി ഫാ. മാത്യു വാരുവേലിലിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷപൂർവമായ ദിവ്യബലി അർപ്പിച്ചു. ദിവ്യബലിമധ്യേ സൺഡേസ്കൂൾ അധ്യാപകരും കുട്ടികളും കാഴ്ചയർപ്പണം നടത്തി.

ദിവ്യബലിക്കുശേഷം വിശ്വാസപരിശീലകർ വികാരിയച്ചന്റെ സാന്നിധ്യത്തിൽ പ്രതിജ്ഞ ചൊല്ലി തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. കുട്ടികളെ വിശ്വാസത്തിലും ക്രൈസ്തവ മൂല്യങ്ങളിലും വളർത്തിയെടുക്കുന്നതിൽ അധ്യാപകർക്കുള്ള ഉത്തരവാദിത്വം പുതുക്കി ഉറപ്പിക്കുന്നതായിരുന്നു പ്രതിജ്ഞാ ചടങ്ങ്.

തുടർന്ന് വികാരിയച്ചന്റെ അധ്യക്ഷതയിൽ പിറ്റിഎ പൊതുയോഗം ചേർന്നു. വൈസ് പ്രിൻസിപ്പൽ റീമ ജയാഡ് സ്വാഗതം ആശംസിച്ചു. വിശ്വാസജീവിതം ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് ക്രൈസ്തവ വിശ്വാസത്തിലും മൂല്യങ്ങളിലും അടിയുറച്ച വിശ്വാസപരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ഫാ. മാത്യു വാരുവേലിൽ മാതാപിതാക്കളെ ഉദ്ബോധിപ്പിച്ചു.

തുടർന്ന് പ്രിൻസിപ്പൽ അനൂപ് സെബാസ്റ്റ്യൻ പുതിയ അധ്യയന വർഷവുമായി ബന്ധപ്പെട്ട പ്രധാന നിർദേശങ്ങളും പ്രവർത്തന പദ്ധതികളും വിശദീകരിച്ചു. സൺഡേസ്കൂളിന്റെ വരും വർഷത്തെ പ്രവർത്തനങ്ങൾ, കുട്ടികളുടെ പഠനം, അധ്യാപകരുടെയും മാതാപിതാക്കളുടെയും സഹകരണം തുടങ്ങിയ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

കഴിഞ്ഞ അധ്യയന വർഷം പിറ്റിഎ പ്രസിഡന്റായി സേവനമനുഷ്ഠിച്ച ഡോമിനിക് ചാക്കോയ്ക്കും വൈസ് പ്രസിഡന്റായിരുന്ന മേരി സാജനും യോഗത്തിൽ നന്ദി രേഖപ്പെടുത്തി. തുടർന്ന് 2026-2027 അധ്യയന വർഷത്തേക്കുള്ള പുതിയ പിറ്റിഎ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജോബിൻസ് തോമസ് പ്രസിഡന്റായും സിനി തോമസ് വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു.

പുതിയ അധ്യയന വർഷത്തിൽ 325-ലധികം കുട്ടികളാണ് സൺഡേസ്കൂളിൽ വിശ്വാസപരിശീലനം നടത്തുന്നത്. കുട്ടികൾക്ക് വിശ്വാസപരിശീലനം നൽകുന്നതിനായി 35 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്ക് അധ്യാപകരുടെയും മാതാപിതാക്കളുടെയും കൂട്ടായ പരിശ്രമം അനിവാര്യമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഇനിയും സൺഡേസ്കൂളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർക്ക് പ്രിൻസിപ്പൽ അനൂപ് സെബാസ്റ്റ്യനുമായി +356 77189517 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.








Binitta Nithin
online

# The Silence Between A Prayer & Answer

നമ്മൾ നമ്മുടെ പ്രിയപ്പെട്ട ഒരാൾക്ക് ഒരു മെസ്സേജ് അയക്കുന്നു .
Delivered .... Seen ... But NO Replay . അപ്പോൾ പല ചോദ്യങ്ങളും നമ്മുടെ മനസിലേക്ക് കടന്നു വരും .
ഇടക്കിടക്ക് ഫോൺ എടുത്ത് replay വന്നോ എന്ന് നോക്കും.
Replay വന്നില്ല എങ്കിൽ നമ്മുടെ മനസ് നമ്മോട് മന്ത്രിക്കും. എന്ത് കൊണ്ട് മറുപടി തന്നില്ല ? എന്നെ അവഗണിക്കുകയാണോ ? അല്ലെങ്കിൽ ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തോ ?
ജീവിതത്തതിൽ ഇങ്ങനെ ഒരു situation face ചെയ്യാത്തവരായി ആരും ഉണ്ടാകില്ല.പ്രാർത്ഥനയുടെ കാര്യത്തിലും ഇത് തന്നെയാണ് നമ്മുടെ അനുഭവം.
നമ്മൾ ദൈവത്തോട് ഹൃദയം തുറന്നു സംസാരിക്കും , കണ്ണീരോടെ പ്രാർത്ഥിക്കും , പ്രത്യാശയോടെ കാത്തിരിക്കും . അത് ചിലപ്പോൾ
നല്ലൊരു കുടുംബജീവിതത്തിന് വേണ്ടിയാകാം , ഒരു കുഞ്ഞെന്ന സ്വപ്നത്തിനു വേണ്ടിയാകാം , നല്ലൊരു ജോലിക്ക് വേണ്ടിയാകാം, രോഗസൗഖ്യത്തിന് വേണ്ടിയാകാം , സാമ്പത്തികമായ പ്രശ്നങ്ങളുടെ പരിഹാരത്തിന് വേണ്ടിയാകാം , നല്ലൊരു വീടിന് വേണ്ടിയാകാം.
പക്ഷെ ദിവസങ്ങളും , ആഴ്ചകളും, മാസങ്ങളും, വർഷങ്ങളും കടന്നു പോകും , മറുപടി ഒന്നും ഉണ്ടാകില്ല . ആ ഒരു സമയത്ത് നമ്മൾ പലപ്പോഴും ചിന്തിക്കും , ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നില്ലേ ?
പക്ഷേ നാം ഒരു കാര്യം ഓർക്കണം , മറുപടി വൈകുന്നതിന്റെ അർത്ഥം ദൈവം പ്രാർത്ഥന കേൾക്കുന്നില്ല എന്നല്ല മറിച്ചു ദൈവത്തിന്റെ മറുപടിക്കായി ക്ഷമയോടെ കാത്തിരിക്കൂ എന്നാണ്.
പൂർവ്വപിതാവായ അബ്രഹവും സാറയും ഒരു കുഞ്ഞിന് വേണ്ടി വാർദ്ധക്യം വരെ കാത്തിരുന്നത് പോലെ,
ദൈവത്തിന്റെ നിർദ്ദേശപ്രകാരം നോഹ പെട്ടകം പണിതു ആ പ്രളയം അവസാനിക്കുന്നത് വരെ ക്ഷമയോടെ കാത്തിരുന്നത് പോലെ,
ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനതയെ മോചിപ്പിച്ചു കൊണ്ട് വന്ന മോശ കാനാൻ ദേശത്തേക്ക് എത്തിച്ചേരാൻ വർഷങ്ങളോളം മരുഭൂമിയിലൂടെ പലായനം ചെയ്തത് പോലെ ,
അങ്ങനെ വിശുദ്ധ ഗ്രന്ഥത്തിന്റെ ഏടുകളിലൂടെ കടന്നു പോകുമ്പോൾ ദൈവീക സമയത്തിനായി കാത്തിരുന്ന വലിയൊരു വിശ്വാസ സമൂഹത്തെ തന്നെ നമുക്ക് കാണാൻ കഴിയും.
അവരുടെയെല്ലാം കാത്തിരിപ്പിന്റെ ഒടുവിൽ ദൈവത്തിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടായതായും വചനം നമ്മോട് ആവർത്തിച്ചു പറയുന്നുണ്ട്.

നമുക്ക് നാം എന്ത് പ്രാർത്ഥിച്ചാലും അപ്പോൾ തന്നെ കിട്ടണം. അത് ദൈവത്തിന്റെ Right Time ആണോയെന്ന് നാം ഒരിക്കലും ചിന്തിക്കാറില്ല.
നാം ഒരു വാതിൽ തുറന്നു കിട്ടണം എന്ന് പ്രാർത്ഥിച്ചാലും ദൈവം ചിലപ്പോൾ അത് അടച്ചു വയ്ക്കും, അത് അതിലും വലിയൊരു വാതിൽ നമുക്ക് വേണ്ടി ഒരുക്കാനാണ് .
നാം ഒരു കാര്യത്തിന് വേണ്ടി പ്രാർത്ഥിച്ചു ദൈവത്തിന്റെ 'അതെ' ക്ക് വേണ്ടി കാത്തിരിക്കുമ്പോൾ , ചിലപ്പോൾ ദൈവത്തിന്റെ ഉത്തരം ഒരു 'അല്ല' ആയിരിക്കാം, അല്ലെങ്കിൽ ഒരു മൗനമായിരിക്കാം.
ദൈവത്തിന്റെ ചില 'NO' കൾ ഒരു സംരക്ഷണമായിരിക്കാം. അല്ലെങ്കിൽ അവിടുത്തെ മൗനം ഇനിയും കുറച്ചു കൂടെ കാത്തിരിക്കൂ എന്നാകാം.
കാത്തിരിപ്പ് എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല, എല്ലാവരും ജീവിതത്തിൽ മുന്നോട്ടു പോകുന്നത് കാണുമ്പോൾ നമ്മൾ മാത്രം പിന്നിലായി പോയോ എന്ന് തോന്നും. പക്ഷേ ഒന്നു മാത്രം ഓർക്കുക ദൈവത്തിന്റെ മൗനം അവന്റെ അഭാവമല്ല, പിന്നെയോ മൗനത്തിലും ദൈവം പ്രവർത്തിച്ചു കൊണ്ടേയിരിക്കുന്നു.
നാം ഒരു വിത്ത് നട്ടാൽ അതിന്റെ നാമ്പ് മണ്ണിനു മുകളിലേക്ക് വളരുമ്പോൾ മാത്രമാണ് നാം അത് കാണുന്നത് , എന്നാൽ വിത്ത് പാകുന്ന അന്നു മുതൽ നാം കാണാതെ മണ്ണിനടിയിൽ ഒരു ജീവൻ രൂപപ്പെടുന്നുണ്ട് . അതുപോലെ നമ്മുടെ പ്രാർത്ഥനകൾക്കും ഒരു Visible Answer ഇല്ലെങ്കിലും ദൈവം നമുക്ക് വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ് എന്ന ഒരു പ്രത്യാശ നമുക്ക് ഉണ്ടാകണം.
നമുക്ക് കാണാൻ കഴിയാത്ത കാര്യങ്ങൾ അവൻ നമുക്ക് വേണ്ടി ഒരുക്കിക്കൊണ്ടിരിക്കുകയാണ്, നാം പ്രതീക്ഷിക്കാത്ത വാതിലുകൾ അവൻ തുറന്നു കൊണ്ടേയിരിക്കുകയാണ്, അതിനായി നമ്മുടെ ഹൃദയത്തെ പാകപ്പെടുത്തുകയാണ്. അതിനാൽ "ദൈവമേ നീ ഇതുവരെയും എന്റെ പ്രാർത്ഥന കേൾക്കാത്തത് എന്തേ" എന്നതിന് പകരം "ദൈവമേ ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു" എന്ന പ്രാർത്ഥനയാണ് മനോഹരം.

SEEN DELIVERED

# NO REPLY


നിന്റെ പ്രാർത്ഥന Seen ആണ് .
എപ്പോഴും ഓർക്കുക നിന്റെ പ്രാർത്ഥന ദൈവം കാണാതെ പോയിട്ടില്ല . നിന്റെ കണ്ണുനീർ അവൻ കണ്ടിട്ടുണ്ട് നിന്റെ അലച്ചിലുകൾ അവൻ എണ്ണിയിട്ടുണ്ട് നിന്റെ ഓരോ ആഗ്രഹങ്ങളും അവിടുത്തേക്ക് നന്നായി അറിയാം.
ഉത്തരം വന്നില്ലെന്ന് കരുതി നീ ഒരിക്കലും പ്രാർത്ഥന നിർത്തരുത്, കാരണം ഏറ്റവും വലിയ അനുഗ്രഹം ഒരു പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുക എന്നതല്ല ഉത്തരത്തിനായുള്ള കാത്തിരിപ്പിലും ദൈവത്തിൽ പ്രത്യാശ വയ്ക്കുന്ന ഒരു ഹൃദയമാണ് .
നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം വന്നില്ലെങ്കിലും നിരാശപ്പെടേണ്ട,
നിന്റെ പ്രാർത്ഥന Seen ആണ്, Replay വൈകുകയാണ് , പക്ഷേ ദൈവം Offline അല്ല

'പ്രത്യാശയോടെ കാത്തിരിക്കുക, ധൈര്യപ്പെടുക, നിന്റെ ഹൃദയം ഉറപ്പുള്ളതായിരിക്കട്ടെ' .
(സങ്കീർത്തനം 27:14)



2026 ആഗസ്റ്റ് 22, 23 തീയതികളിൽ മാൾട്ടയിലെ സെന്റ്.തോമസ് സീറോ മലബാർ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ സൊസൈറ്റി ഓഫ് ക്രിസ്റ്റ്യൻ, ഡോക്ടറിൻ മ്യൂസിയം, ഹാമറൂണിൽ നടന്ന സെലസ്റ്റീനോ സമ്മർ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് പരിശീലനം നടത്താനും സഹായിക്കാനുമൊക്കെയായി ഇരുപതോളം അധ്യാപകർ പങ്കെടുത്തപ്പോൾ.

# വിജയം വിളിപ്പാടകലെ




ഇന്നിനെക്കാൾ മികച്ച നാളെ ആഗ്രഹിക്കുന്നവരാണ് നാമെല്ലാവരും. ഒരു പരിധിവരെ നമ്മുടെയൊക്കെ സ്വപ്നങ്ങളുടെ ആധാരവും മുന്നോട്ട് പോകാനുള്ള ഇന്ധനവും ഈ ആഗ്രഹം തന്നെയാണ്. എല്ലാ മനുഷ്യരുടേയും ഉള്ളിന്റെയുള്ളിൽ എരിയുന്ന ഒരു കനലായി ഈ ആഗ്രഹം ഉണ്ട്. ഈ കനലിനെ ഊതിക്കത്തിച്ചവരാണ് ഉയരങ്ങളിൽ എത്തിയിട്ടുള്ളതും അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതും.

അവർ അവരുടെ ജീവിതം കൂടുതൽ മനോഹരമാക്കി എന്നു മാത്രമല്ല മറ്റുള്ളവരുടെ ജീവിതം കൂടി മനോഹരമാക്കാൻ ഉതകുന്നതായിരുന്നു അവരിൽ പലരുടേയും നേട്ടങ്ങൾ എന്നതാണ് ഏറെ ശ്രദ്ധേയം. ഇങ്ങനെയൊരു കനൽ മനസിന്റെ അടിത്തട്ടിൽ കാത്തു സൂക്ഷിക്കുന്നവർ എന്ന നിലയ്ക്ക് ഉയർച്ചകളും നേട്ടങ്ങളും നാം ഓരോരുത്തർക്കും പ്രാപ്യമാണ്. സ്വപ്നങ്ങളെ എത്തിപ്പിടിച്ച് ഉയരങ്ങളിലെത്തിവരുടേയും ജീവിതം കൊണ്ട് മറ്റുള്ളവർക്ക് പ്രചോദനമായവരുടേയും നേട്ടങ്ങൾ ഒരിക്കലും ഒരു വൺ നൈറ്റ് സക്സസ് ആയിരുന്നില്ല എന്നതും അതൊക്കെ ദൈവാശ്രയത്വബോധത്തിലൂന്നി മനുഷ്യ നൻമ ലക്ഷ്യം വച്ചുള്ള കഠിനാദ്ധ്വാനത്തിന്റെ ബാക്കി പത്രമായിരുന്നു എന്നുള്ളതും അവരുടെയൊക്കെ ജീവിതം നമുക്ക് പറഞ്ഞു തരുന്നു.

**നമ്മുടെ പരാജയങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടി ആകണോ അതോ തകർച്ചയുടെ തുടക്കമാകണോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെ ആണ്...**

പക്ഷെ പലപ്പോഴും സ്വപ്നങ്ങളും ആഗ്രഹങ്ങളും ഒരുപാട് ഉണ്ടെങ്കിലും അവ എത്തിപ്പിടിക്കാൻ നമുക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം അതിനു കാരണങ്ങൾ പലതുണ്ടാവും.
അതിൽ പ്രധാനം ആരംഭിക്കാനുള്ള മടിയാണ്.

വളരെ വലിയ സ്വപ്നങ്ങളും എത്തിപ്പിടിക്കാനുള്ള കഴിവും ഉണ്ടെങ്കിലും അതിനു ഒരുപാട് താഴെ എവിടെയോ ഒരു സേഫ് സോണിൽ കഴിയുന്നവരുണ്ട് ആ സേഫ് സോൺ വിട്ടു പുറത്തുവരാനുള്ള പേടി പലരെയും പിന്തിരിപ്പിക്കുന്നു...

തുടങ്ങാനുള്ള മടിക്ക് മറ്റൊരു കാരണം ഉചിതമായ സമയം നോക്കിയുള്ള കാത്തിരിപ്പാണ്. എന്നാൽ അങ്ങനൊരു സമയമില്ല എന്നതാണ് യാഥാർഥ്യം. ഇന്ന് ഇവിടെ ഇപ്പോഴാണ് ആ സമയം എന്ന് തിരിച്ചറിഞ്ഞാൽ തുടക്കം എളുപ്പമാകും..

തുടങ്ങിയാലും തുടർന്നുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം അതിനു കാരണമാകുന്നതാകട്ടെ പരാജയങ്ങളും പ്രതിസന്ധികളും അല്ലെങ്കിൽ ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കുന്നതും ആകാം.
പരാജയങ്ങളും പ്രതിസന്ധികളും നേരിടാതെ വിജയിച്ചവർ വളരെ ചുരുക്കമാണ് നമുക്ക് മുൻപേ നടന്നിരുന്നവർ പരാജയങ്ങളിൽ പതറിയിരുന്നെങ്കിൽ പ്രതിസന്ധിയിൽ തളർന്നിരുന്നെങ്കിൽ നമ്മൾ ഇന്ന് ഈ കാണുന്ന ലോകം ഉണ്ടാകുമായിരുന്നില്ല.

1979-ൽ ഇന്ത്യയുടെ SLV-3 റോക്കറ്റിന്റെ ആദ്യ പരീക്ഷണ വിക്ഷേപണം വിജയിച്ചില്ല. അന്ന് ദൗത്യത്തിന്റെ മിഷൻ ഡയറക്ടറായിരുന്ന എ. പി. ജെ. അബ്ദുൾ കലാമിനും സംഘത്തിനും അത് വലിയ തിരിച്ചടിയായിരുന്നു. എന്നാൽ ആ പരാജയത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് അവർ മുന്നോട്ടുപോയി. അടുത്ത വർഷം, 1980 ജൂലൈ 18-ന്, SLV-3 വിജയകരമായി Rohini RS-1 ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചു.
ഇത് നമുക്കു മുന്നിലുള്ള ആയിരക്കണക്കിന് ഉദാഹരണങ്ങളിൽ ഒന്നു മാത്രമാണ്.

നമ്മുടെ പരാജയങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടി ആകണോ അതോ തകർച്ചയുടെ തുടക്കമാകണോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെ ആണ്.

തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ വിജയം കൈവരിച്ചവർ പലർക്കും എല്ലാ അനുകൂല സാഹചര്യങ്ങളും ചുറ്റും ഉണ്ടായിരുന്നവർ അല്ല.. മറിച്ച് ലക്ഷ്യം എന്താണ് എന്ന വ്യക്തമായ ബോധവും ഒപ്പം മുന്നോട്ട് പോകാനുള്ള മനസും മാത്രമായിരുന്നു അവരുടെ കൈമുതൽ




അതെ നമ്മളും നല്ല നാളെകൾ ആഗ്രഹിക്കുന്നവരാണ് അങ്ങനെയെങ്കിൽ അതിനു വേണ്ടിയുള്ള പരിശ്രമം ഇന്ന് ഇവിടെ തുടങ്ങാം.. സ്വപ്നങ്ങൾ കണ്ടു തുടങ്ങുമ്പോൾ വിജയം ഒരു സാധ്യത മാത്രമായിരിക്കും. എന്നാൽ അവ ലക്ഷ്യങ്ങളായി മാറുമ്പോൾ പോരാടാനുറച്ച് മുന്നോട്ടിറങ്ങി പ്രതിസന്ധികൾ തരണം ചെയ്തു മുന്നേറുമ്പോൾ ഈ ലോകം മുഴുവൻ നമുക്കൊപ്പം ഉണ്ടെന്നു തോന്നും സാഹചര്യങ്ങൾ താനെ അനുകൂലമാകും. അപ്പോൾ വിജയം വിളിപ്പാടകലെയെത്തും അങ്ങനെ നമ്മുടെ ലക്ഷ്യങ്ങൾ കൈപ്പിടിയിലൊതുങ്ങും.

ഒരു ചിറകുമായി ഒരു പക്ഷിയും പറന്നുയർന്നിട്ടില്ല അതുപോലെ ഉയർന്നു പറക്കാൻ നമുക്ക് ചിറകുകളായി മാറുന്നത് എപ്പോഴും കഠിനാധ്വാനവും ദൈവാശ്രയത്വ ബോധവും ആയിരിക്കട്ടെ...


അങ്ങനെ നമുക്കും മറ്റുള്ളവർക്കുമായുള്ള നല്ല നാളെകളുടെ ശില്പികളായി നമുക്ക് മാറാം...

**ജോബിൻസ് തോമസ്**

# ജപമാലയുടെ പ്രാധാന്യം



1945 ആഗസ്റ്റ് ആറിന് ജപ്പാനിലെ ഹിരോഷിമയിൽ ലോകത്തെ നടുക്കിയ ആദ്യത്തെ അണുബോംബ് സ്ഫോടനം ഉണ്ടായി. ഒരു പ്രദേശം മുഴുവനും നാമാവശേഷമാക്കിയ ആ സ്ഫോടന നത്തിൽ നിന്നും 8 പേർ നിസാര പരുക്കുകളോടെ രക്ഷപ്പെട്ടു. ജപ്പാനിൽ മിഷൻ പ്രവർത്തനത്തിനായി പോയ ഈശോസഭ വൈദീകരായിരുന്നു അത്. ഗർഭസ്ഥ ശിശുക്കളുടെപോലും കേൾവിയേയും കാഴ്ച്ചയെയും സാര മായി ബാധിച്ച ആ ദുരന്തത്തിൽ ഈ വൈദീകർക്ക് മാത്രം നിസ്സാര പരുക്കുകളെ പറ്റിയിരുന്നുള്ളു. ഇതിന് ആ വൈദീകർ നൽകിയ മറു പടി ഞങ്ങൾ സ്ഥിരമായി ജപമാല



ചൊല്ലിയിരുന്ന മുറിയിലായിരുന്നു ഞങ്ങൾ സ്ഫോടനസമയത്തും ഞങ്ങൾ ജപമാല ചൊല്ലുകയായിരുന്നു. പരിശുദ്ധ ജപമാല വഴി നടന്ന അത്ഭുതങ്ങളിൽ ഏറ്റവും പ്രധാനപെട്ടതാണ് ഹിരോഷിമ സംഭവം. 13ആം നൂറ്റാണ്ടിൽ പരിശുദ്ധ അമ്മ വി. ഡൊമിനിക്കിന് നൽകിയ സന്ദേശമാണ് ജപമാല ചൊല്ലണം എന്നുള്ളത്. എങ്കിലും നമ്മുടെ പല കുടുംബങ്ങളും ഇന്നും ജപമാലയുടെ ശക്തി തിരിച്ചറിഞ്ഞിട്ടില്ല എന്നുവേണം കരുതാൻ. പരിശുദ്ധ കുർബാന കഴിഞ്ഞാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചടത്തോളം ഏറ്റവും വലിയ പ്രാർത്ഥന ജപമാലയാണ്. കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചു ജപമാല ചൊല്ലുന്ന ഭവനങ്ങൾ തകർന്നു പോകില്ല എന്ന് പരിശുദ്ധ അമ്മ നമുക്കുറപ്പ് തരുന്നു. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജപമാല അർപ്പണത്തിൽ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവന്ന മാർപ്പാപ്പയാണ്. പരിശുദ്ധ കന്യകാമാതാവിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനത്തിൽ മാർപാപ്പ ആവശ്യപ്പെടുന്നത് എല്ലാ സഭാമക്കളും മുടങ്ങാതെ ജപമാല ചൊല്ലണം എന്നാണ്. സഭ ഏറെ പ്രതിസന്ധിയിലൂടെയും, സംഘടിത ആക്രമണങ്ങളിലൂടെയും കടന്നുപോയികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ ആക്രമണങ്ങളെ ചെറുക്കാൻ ഏറ്റവും നല്ല വഴി ജപമാലയാണ്. ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുന്നത് പോലും ജപമാലയുടെ ശക്തി എല്ലാവരിലും എത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടെയാണ്. ക്രിസ്ത്യാനി എന്ന നിലയിൽ നമ്മൾ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് അതിനു നമ്മെ സജ്ജരാക്കുന്ന ഒരു പ്രധാന ഉപാധിയാണ് ജപമാല. ഈ കാലഘട്ടത്തിന്റെ വിശുദ്ധ കാർലോ അക്യൂട്ടീസ് നമുക്ക് നല്ല മാതൃകയായി നമ്മുടെ മുൻപിലുണ്ട്. ഈ യുവാവിനെ ഏറ്റവും സ്വാധീനിച്ചതും പരിശുദ്ധ കുർബാനയും, ജപമാലയുമാണ്. അതിനാൽ തന്നെ ജപമാലയുടെ പ്രസക്തിയും അത്ഭുതശക്തിയും ഇന്നും സജീവമാണ്. അമ്മയുടെ മാധ്യസ്ഥം എപ്പോഴും നമ്മുടെ കൂടെ ഉണ്ടായിരിക്കട്ടെ.

**ഫെബിൻ ജോസഫ്**

# പ്രണയം എന്റെ ഈശോയോട് മാത്രം



പ്രാണൻ പോകുവോളം എന്നെ പ്രണയിച്ച എന്റെ ഈശോയേ... നീ തന്നെ അല്ലയോ എന്നെ പ്രണയിക്കാൻ പഠിപ്പിച്ചത്. സ്വയം മറന്നവനേ, അപരനെ പൂർണമായി സ്നേഹിക്കാൻ പറ്റൂ എന്ന് എന്നെ പഠിപ്പിച്ചത് നീ തന്നെ അല്ലേ ..എന്നിട്ടും ഈശോയേ നീ മറന്നിരുന്നു... ഈ ഭൂമിയിൽ ഒരു വീടെന്ന സ്വപ്നം.... ഒരു കുടുംബം എന്ന സ്വപ്നം... താരാട്ട് പാടിയുറക്കാൻ ഒരു കുഞ്ഞ് എന്ന സ്വപ്നം... അപ്പനോടും അമ്മയോടുമൊത്ത് ഒരു ആയുഷ്ക്കാലം മുഴുവൻ ജീവിക്കണമെന്ന സ്വപ്നം....

കാരണം നിന്റെ നെഞ്ചിൽ നിറയെ കുന്നോളം പ്രണയമായിരുന്നു... എന്റെ സ്വപ്നങ്ങൾക്ക് നിറം പകരാൻ വേണ്ടി ഈശോയെ നീ നിന്റെ സ്വപ്നങ്ങൾ ബലികഴിച്ചു.... കാണാൻ കൊതിക്കുന്ന ഓരോ

നിമിഷവും കണ്ണിലൂടെ ഊർന്നിറങ്ങുന്ന കണ്ണു നീർത്തുള്ളികൾ സാക്ഷികളായിരുന്നു , എനിക്ക് നീ എത്ര മാത്രം പ്രിയപ്പെട്ടതാണെന്ന്....
എന്റെ പ്രണയം നിന്നോട് മാത്രാ അപ്പാ....
പാപി ആയിട്ടും എന്റെ കൂടെ നടക്കാൻ ഈ ഭൂമിയിൽ ഇറങ്ങി വന്നതിന്...
നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടക്കുന്ന തൂവാല ആയതിന്...
ഭാരം വഹിക്കുന്ന അപ്പൻമാർക്ക് കൈത്താങ്ങായി മാറിയതിന്...
വേദനിക്കുന്ന ഒരു പിടി അമ്മമാർക്ക് നല്ലൊരു മകനായി മാറിയതിന്...
ഇരുൾ വീഴുന്ന സന്ധ്യയിലെ നടവഴികളിൽ പലപ്പോഴും കാവലായി മാറിയതിന്...
സഹന ചൂളകളിൽ ആ മുറിവേറ്റ മാറിടത്തിൽ ചേർന്നിരുന്നാൽ ഞാൻ ആശ്വസിപ്പിക്കാം എന്ന വാക്കു തന്നതിന്.....
ഇന്നും ഓരോ ബലിപീഠത്തിലും നീ നിന്റെ ഹൃദയം പകുത്ത് വെച്ച് എന്നെ കാത്തിരിക്കുന്നതിന്...
നിന്റെ മുറിവേറ്റ ഹൃദയം പിഴിഞ്ഞു വീഞ്ഞാക്കി എന്റെ അധരങ്ങളിൽ അലിഞ്ഞു ചേരുന്നതിന്......

**അപ്പാ ഒത്തിരി ഇഷ്ടാട്ടോ..**

**നിതിൻ പോൾ മുണ്ടമാക്കിൽ**

ചരിത്രവും വിശ്വാസവും വാസ്തുശിൽപ്പവും ചേർന്നുനിൽക്കുന്ന ദ്വീപാണ് മാൾട്ട. പുരാതന പള്ളികളും കോട്ടകളും ചരിത്രസ്മാരകങ്ങളും കൊണ്ട് സമ്പന്നമായ ഈ രാജ്യത്തിന്റെ ഹൃദയഭാഗത്ത്, മോസ്റ്റാ നഗരത്തിൽ ഉയർന്നുനിൽക്കുന്ന ഒരു ദേവാലയമുണ്ട് "സാങ്ച്വറി ബസിലിക്ക ഓഫ് ദ അസംപ്ഷൻ ഓഫ് ഔർ ലേഡി". പൊതുവെ മോസ്റ്റാ റൊട്ടുണ്ട എന്നറിയപ്പെടുന്ന ഈ വിശുദ്ധ ദേവാലയം വാസ്തുവിദ്യയുടെ വിസ്മയവും വിശ്വാസത്തിന്റെ ശക്തിയും യുദ്ധകാലത്തെ അതിജീവനത്തിന്റെ കഥയും ഒരുമിച്ചുപറയുന്നു.

മാൾട്ടയുടെ അഭിമാനചിഹ്നങ്ങളിലൊന്നായ ഈ ദേവാലയം ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന സന്ദർശകരെ ആകർഷിക്കുന്നു.
ഇന്നത്തെ മോസ്റ്റാ റൊട്ടുണ്ടയുടെ കഥ ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. പഴയൊരു ദേവാലയം നിലനിന്നിരുന്ന അതേ സ്ഥലത്ത് പുതിയതും വിശാലവുമായ ഒരു പള്ളി പണിയണമെന്ന ആഗ്രഹമാണ് ഇതിന്റെ നിർമ്മാണത്തിന് പിന്നിൽ.

# മോസ്ത റൊട്ടുണ്ട: വിശ്വാസം കാത്ത അത്ഭുത താഴികക്കുടം




പ്രശസ്ത മാൾട്ടീസ് വാസ്തുശിൽപിയായ ജോർജിയോ ഗ്രോഗ്നെ ദെ വാസെ ആണ് പുതിയ ദേവാലയത്തിന്റെ രൂപകൽപ്പന നിർവഹിച്ചത്. റോമിലെ പാന്തിയോണിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം രൂപപ്പെടുത്തിയ ഈ ദേവാലയത്തിന്റെ നിർമ്മാണം 1833-ൽ ആരംഭിക്കുകയും 1860-ഓടെ പൂർത്തിയാകുകയും ചെയ്തു. ഏകദേശം 27 വർഷം നീണ്ടുനിന്ന നിർമ്മാണപ്രവർത്തനങ്ങളിൽ മോസ്റ്റയിലെ ജനങ്ങളുടെ അധ്വാനത്തിനും സമർപ്പണത്തിനും വലിയ പങ്കുണ്ടായിരുന്നു.

ദേവാലയത്തെ ആദ്യമായി കാണുന്ന ഒരാളുടെ ശ്രദ്ധ സ്വാഭാവികമായി അതിന്റെ മഹത്തായ താഴികക്കുടത്തിലേക്കാണ് തിരിയുന്നത്. ഏകദേശം 40 മീറ്ററിനടുത്ത് വ്യാസമുള്ള ഈ ഭീമാകാര താഴികക്കുടം അകത്ത് താങ്ങി നിർത്തുന്ന വലിയ തൂണുകളില്ലാതെ ഉയർന്നുനിൽക്കുന്നു. അതുകൊണ്ടുതന്നെ ലോകത്തിലെ ഏറ്റവും വലിയ തൂണുകളില്ലാത്ത ദേവാലയ താഴികക്കുടങ്ങളിൽ ഒന്നായി മോസ്റ്റാ റൊട്ടുണ്ട അറിയപ്പെടുന്നു. ദൂരത്തുനിന്നുതന്നെ കാണാവുന്ന ഈ താഴികക്കുടം മോസ്റ്റാ നഗരത്തിന്റെ തന്നെ അടയാളമായി മാറിയിരിക്കുന്നു.
ദേവാലയത്തിന്റെ പുറംഭാഗം നോക്കുമ്പോൾ ക്ലാസിക്കൽ വാസ്തുശൈലിയുടെ ഗാംഭീര്യം അനുഭവിക്കാം.വിശാലമായ മുൻവശം, ഉയർന്ന തൂണുകൾ, ഇരുവശത്തുമുള്ള മണിമാളികകൾ, അതിനു മുകളിലായി ഉയർന്നുനിൽക്കുന്ന അർദ്ധഗോള താഴികക്കുടം ഇവയെല്ലാം ചേർന്നപ്പോൾ മോസ്റ്റാ റൊട്ടുണ്ടയ്ക്ക് അതുല്യമായ രൂപഭംഗിയാണ് ലഭിച്ചിരിക്കുന്നത്.



എന്നാൽ അകത്തേക്ക് പ്രവേശിക്കുമ്പോഴാണ് ഈ നിർമ്മിതിയുടെ യഥാർത്ഥ മഹത്വം പൂർണമായി മനസ്സിലാകുന്നത്.വിശാലമായ പ്രാർത്ഥനാമണ്ഡപവും മനോഹരമായ ചിത്രങ്ങളും അലങ്കാരങ്ങളും ഭീമാകാരമായ താഴികക്കുടത്തിന്റെ അകത്തളവും സന്ദർശകനെ വിസ്മയിപ്പിക്കുന്നു. എന്നാൽ മോസ്റ്റാ റൊട്ടുണ്ടയെ ലോകമെമ്പാടും പ്രശസ്തമാക്കിയത് അതിന്റെ വാസ്തുശിൽപ്പമാത്രമല്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് നടന്ന ഒരു സംഭവമാണ് ഈ ദേവാലയത്തിന് മറ്റൊരു ചരിത്രപരമായ മുഖം നൽകിയത്.1942 ഏപ്രിൽ 9. മാൾട്ട കനത്ത വ്യോമാക്രമണങ്ങൾക്ക് വിധേയമായിരുന്ന കാലം. അന്ന് മോസ്റ്റാ റൊട്ടുണ്ടയിൽ നിരവധി വിശ്വാസികൾ പ്രാർത്ഥനയ്ക്കായി ഒത്തുകൂടിയിരുന്നു. അപ്രതീക്ഷിതമായി ഒരു ജർമൻ ബോംബ് ദേവാലയത്തിന്റെ താഴികക്കുടം തുളച്ചുകയറി അകത്തേക്ക് പതിച്ചു. ഏകദേശം 500 കിലോഗ്രാം ഭാരമുള്ള ഈ ബോംബ് പൊട്ടിത്തെറിച്ചിരുന്നെങ്കിൽ ദേവാലയത്തിനകത്ത് അപ്പോൾ ഉണ്ടായിരുന്ന നൂറുകണക്കിന് ആളുകളുടെ ജീവൻ അപകടത്തിലാകുമായിരുന്നു. എന്നാൽ അത്ഭുതകരമായി ബോംബ് പൊട്ടിയില്ല.
ബോംബ് നിർവീര്യമാക്കാൻ ബ്രിട്ടീഷ് റോയൽ എൻജിനീയേഴ്സിന്റെ സംഘം എത്തി. പിന്നീട് അത് ദേവാലയത്തിൽ നിന്ന് നീക്കം ചെയ്തു. അന്ന് ദേവാലയത്തിലുണ്ടായിരുന്നവരിൽ ഒരാൾക്കും പരിക്കേറ്റില്ല. ഈ സംഭവം മോസ്റ്റയിലെ ജനങ്ങൾ ദൈവിക സംരക്ഷണത്തിന്റെ അടയാളമായി കണക്കാക്കി. അങ്ങനെ "മോസ്റ്റായിലെ അത്ഭുതം" എന്ന പേരിൽ ഈ സംഭവം ചരിത്രത്തിൽ ഇടം നേടി.
ഇന്ന് ആ സംഭവത്തിന്റെ ഓർമ്മയായി ബോംബിന്റെ ഒരു മാതൃക ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. അത് കാണുന്ന ഓരോ സന്ദർശകനും ഏതാനും നിമിഷങ്ങൾക്കെങ്കിലും 1942-ലെ ആ ഭയാനകമായ ദിവസത്തിലേക്ക് മനസ്സുകൊണ്ട് സഞ്ചരിച്ചുപോകും.



ബോംബ് താഴികക്കുടം തുളച്ച് അകത്തേക്ക് വീണിട്ടും പൊട്ടിത്തെറിക്കാതിരുന്നത് വിശ്വാസികൾക്ക് ഇന്നും ഒരു അത്ഭുതമായി തുടരുന്നു. ചരിത്രകാരന്മാർ ഈ സംഭവത്തെ യുദ്ധകാലത്തെ ഒരു അപൂർവ സംഭവമായി രേഖപ്പെടുത്തുമ്പോൾ, വിശ്വാസികൾ അതിനെ ദൈവിക ഇടപെടലിന്റെ അടയാളമായി കാണുന്നു.
മോസ്റ്റാ റൊട്ടുണ്ട ഒരു ചരിത്രസ്മാരകം മാത്രമല്ല; ഇന്നും സജീവമായ ഒരു ആരാധനാകേന്ദ്രമാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോഹണ തിരുനാളായ ആഗസ്റ്റ് 15 ഇവിടെ പ്രത്യേക പ്രാധാന്യത്തോടെ ആഘോഷിക്കപ്പെടുന്നു. പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും ആഘോഷങ്ങളും കൊണ്ട് മോസ്റ്റ അന്നേ ദിവസം ഉത്സവാന്തരീക്ഷത്തിലാകുന്നു. മാൾട്ടീസ് ജനതയുടെ മതവിശ്വാസവും പാരമ്പര്യവും സാമൂഹികജീവിതവും ഈ ദേവാലയവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.
മോസ്റ്റാ റൊട്ടുണ്ടയെക്കുറിച്ച് പറയുമ്പോൾ അതിന്റെ വാസ്തുശിൽപ്പവും യുദ്ധകാല ചരിത്രവും മാത്രമല്ല, അതിനു പിന്നിലെ ജനങ്ങളുടെ കൂട്ടായ്മയും ഓർക്കേണ്ടതാണ്.

സ്വന്തം നാട്ടിൽ ഒരു മഹത്തായ ദേവാലയം ഉയർത്തണമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധാരണ ജനങ്ങൾ തന്നെ അധ്വാനവും സമയവും സമർപ്പിച്ചു. അതുകൊണ്ടുതന്നെ ഈ ദേവാലയം തലമുറകളുടെ വിശ്വാസവും അധ്വാനവും പ്രതീക്ഷയും ചേർന്ന് പണിത ഒരു സ്മാരകമാണ്.

ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഞ്ചാരികൾ മോസ്റ്റാ റൊട്ടുണ്ട കാണാനെത്തുന്നു.

ചിലർ രണ്ടാം ലോകമഹായുദ്ധത്തിലെ അത്ഭുതസംഭവം അറിയാനാണ് എത്തുന്നത്; മറ്റുചിലർ ഒരു വിശുദ്ധ ആരാധനാലയത്തിന്റെ

ശാന്തത അനുഭവിക്കാനാണ് എത്തുന്നത്. എന്നാൽ ഇവിടെ എത്തുന്ന ഓരോരുത്തർക്കും മാൾട്ടയുടെ ചരിത്രത്തിന്റെ ഒരു ഭാഗം അനുഭവിക്കാൻ സാധിക്കുന്നു.
മോസ്റ്റാ റൊട്ടുണ്ട അതുകൊണ്ട് ഒരു പള്ളി മാത്രമല്ല. അത് ഒരു ജനതയുടെ വിശ്വാസത്തിന്റെ പ്രതീകമാണ്; ഒരു വാസ്തുശിൽപ്പ വിസ്മയമാണ്; യുദ്ധത്തിന്റെ നാശത്തിനിടയിലും പ്രതീക്ഷ നിലനിൽക്കാമെന്ന ഒരു സന്ദേശമാണ്.

**റോയ്സൺ**



# പ്രാർത്ഥിക്കാതിരിക്കാൻ എനിക്കൊരു കാരണം വേണം!

"അളിയാ…"

വിളി കേട്ട് തിരിഞ്ഞു നോക്കി. അതാ നിൽക്കുന്നു ബെഞ്ചമിൻ റോയ് കൂവക്കാടൻ!

"നിങ്ങടെ വികാരിയച്ചന് പണിഷ്മെന്റ് ട്രാൻസ്ഫർ ആണെന്ന് കേട്ടല്ലോ?! എന്തോ തിരിമറി നടത്തിയെന്നോ…. ബിഷപ്പ് വിളിച്ച് അടിച്ചുകൊടുത്തു എന്നോ ഒക്കെ കേൾക്കുന്നു. നിങ്ങടെ ഒരു കമ്മറ്റിക്കാരൻ തന്നെയാ പറഞ്ഞത്".

ഒരു പകലധ്വാനം കഴിഞ്ഞ് പാമയിൽ കയറി ഷോപ്പിങ്ങും കഴിഞ്ഞ് തീ പോലെ പൊള്ളുന്ന വേനൽ ചൂടിൽനിന്നും വീടിന്റെ തണൽ കൊതിച്ച് വാങ്ങിയ സാധനങ്ങളെല്ലാം നിറച്ച ട്രോളിയും തള്ളി പാർക്കിങ്ങിലേയ്ക്ക് നീങ്ങുമ്പോഴാണ് ഇത് കേൾക്കുന്നത്. വാദിച്ച് ജയിക്കാനോ തെറ്റിധാരണ മാറ്റിക്കൊടുക്കാനോ ഒന്നുമുള്ള മാനസികാവസ്ഥ ആയിരുന്നില്ല.

"കേട്ടുകേൾവിയല്ലേ…. ഇനിയിങ്ങനെ പലതും കേൾക്കും" എന്ന് മാത്രം ചിരിച്ചുകൊണ്ടുപറഞ്ഞു. കുറെ നാളുകൂടി കണ്ടതല്ലേ, കുറച്ച് കുശലങ്ങൾ മാത്രം ചോദിച്ച് യാത്രപറഞ്ഞു.

"എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ".
മത്തായി 5 : 44

എന്ന വചനം മനസ്സിൽ തെളിഞ്ഞു. വണ്ടിയിലേക്ക് കയറുമ്പോൾ ബെഞ്ചമിന് വേണ്ടി ഒരു 'നന്മ നിറഞ്ഞ മറിയമേ' ചൊല്ലാൻ മറന്നില്ല



വീട്ടിലേക്കുള്ള യാത്രയിൽ ബെഞ്ചമിനെക്കുറിച്ചായി ചിന്ത. കുറച്ചായി കണ്ടിട്ട്. വളരെ നല്ലൊരു മനുഷ്യനാണ്. ഇപ്പോഴുള്ള ലുക്ക് കണ്ടിട്ട് അത്ഭുതം തോന്നി. വെയറിങ് അല്ല സ്റ്റൈലിംഗ് ആണ് - ഒരു മോഡലിനെ പോലെയൊക്കെ! ലൈറ്റ് ബ്ലൂ ഷർട്ട്, വൈറ്റ് ട്രൗസേഴ്സ്, ലൈറ്റ് ബ്രൗൺ ഷൂസ്, ഷെയ്ഡ്സ് എന്നുവേണ്ട എല്ലാം വിലകൂടിയ ബ്രാൻഡുകളാണെന്ന് ഒറ്റനോട്ടത്തിൽ തിരിച്ചറിയാം.

ആദ്യമായി അയാളെ കാണുന്നത്, എസ് എം വൈ എം ന്റെ ഒരു മീറ്റിങ്ങിലാണ്. ചുറുചുറുക്കുള്ള ചെറുപ്പക്കാരൻ. അതിന്റെ നേതൃസ്ഥാനത്ത് കണ്ടു, പള്ളിയിലെ പരിപാടികൾക്ക് കണ്ടു, അൾത്താര ശുശ്രൂഷിയായി കണ്ടു, സോണൽ കമ്മിറ്റിയിൽ കണ്ടു, പ്രാർത്ഥനാ കൂട്ടായ്മകളിൽ കണ്ടു, അങ്ങിനെ പലയിടങ്ങളിൽ സ്ഥിരമായി കണ്ടു. അന്നൊക്കെ അവനൊരു തീ ഉണ്ടായിരുന്നു.

ഇവിടെ വന്നതിന്റെ ബാധ്യതകൾ തീർത്തതും പെങ്ങളെ വിവാഹം കഴിപ്പിച്ചയച്ചതും പിന്നീട് ഒരു കാറെടുത്തതും ഇറ്റലിയിൽ കൂട്ടുകാരോടൊത്ത് പൊളിച്ചതും ഒക്കെ പലപ്പോഴായി കണ്ടപ്പോഴും സോഷ്യൽ മീഡിയയിലൂടെയുമൊക്കെ അറിഞ്ഞു. ജോലി വിട്ടതും ബിസിനെസ്സ് തുടങ്ങിയതും ഒക്കെ ആരോ പറഞ്ഞ് അറിഞ്ഞു.

പണ്ട് സ്ഥിരമായി കണ്ടിരുന്നിടത്തൊന്നും പിന്നീട് കണ്ടില്ലെന്ന് മാത്രം! ആ തീയും!

മാറ്റങ്ങൾ അനിവാര്യമാണല്ലോ. അതിനാണ് ഇവിടെ വന്നത് തന്നെ! പക്ഷെ സ്വത്വം!! അത് മാറാമോ?!

നിങ്ങളും പല ബെഞ്ചമിൻമാരെയും കണ്ടിട്ടുണ്ടാകാം. ചിലപ്പോൾ നിങ്ങൾ തന്നെയായിരിക്കും ബെഞ്ചമിൻ!

"കർത്താവേ, എന്നെയൊന്ന് അവിടെ എത്തിക്കണമേ..."

ഒരിക്കൽ ഈ പ്രാർത്ഥന നമ്മുടെ പലരുടെയും ചുണ്ടുകളിൽ നിന്ന് ഉയർന്നതാണ്. നാട്ടിലെ ഒരു ചെറിയ മുറിയിൽ, ഉറങ്ങാതെ കിടന്ന രാത്രികളിൽ; വിസയുടെ മറുപടിക്കായി കാത്തിരുന്ന ദിവസങ്ങളിൽ; എംബസിയുടെ വാതിലിനു മുന്നിൽ; വിമാനത്താവളത്തിലെ വിടപറയലിൽ; അപരിചിതമായൊരു രാജ്യത്തേക്കുള്ള യാത്രയിൽ; -നമ്മുടെ സ്വപ്നങ്ങൾക്കൊപ്പം നമ്മുടെ പ്രാർത്ഥനകളും യാത്ര ചെയ്തിരുന്നു.

വിദേശത്തേക്കുള്ള ഒരു യാത്ര എന്നത് പലർക്കും വെറുമൊരു യാത്രയായിരുന്നില്ല. അതിനു പിന്നിൽ എത്രയോ കണ്ണുനീരും മുട്ടുകുത്തലുകളും നേർച്ചകളും ജപമാലകളും വിശുദ്ധ കുർബാനകളും ഉണ്ടായിരുന്നു. "ഇവിടെ എത്തിച്ചാൽ മതി, കർത്താവേ" എന്ന് പറഞ്ഞ് ദൈവത്തിന്റെ കൈപിടിച്ചാണ് പലരും ഈ ജീവിതത്തിലേക്ക് കടന്നുവന്നത്.

പക്ഷേ ഇന്ന്, വർഷങ്ങൾക്കുശേഷം, ഒരിക്കൽ മുട്ടുകുത്തി അപേക്ഷിച്ച അതേ മനുഷ്യൻ തന്നെ പറയുകയാണ്:

"സമയമില്ല."
"ഡ്യൂട്ടിയുണ്ട്."
"വളരെ ക്ഷീണമാണ്."
"അടുത്ത ഞായറാഴ്ച പോകാം."
"ഇപ്പോൾ ജീവിതം ഒന്ന് സെറ്റിൽ ആകട്ടെ."

ഇവയിൽ ചിലത് യഥാർത്ഥ കാരണങ്ങളായിരിക്കാം. ജീവിതം എളുപ്പമല്ല. വിദേശജീവിതത്തിന്റെ സമ്മർദ്ദങ്ങളും ജോലി സമയങ്ങളും കുടുംബബാധ്യതകളും യാഥാർത്ഥ്യങ്ങളാണ്. അതിനെയൊന്നും നിഷേധിക്കേണ്ടതില്ല.

എങ്കിലും ഒരു ഘട്ടത്തിൽ നമുക്ക് നമ്മോടുതന്നെ ഒരു സത്യസന്ധമായ ചോദ്യം ചോദിക്കേണ്ടിവരും:

"എന്റെ ജീവിതത്തിന്റെ തിരക്കേറിയപ്പോൾ ദൈവത്തെ ഓർക്കാൻ എനിക്ക് സമയം കിട്ടാത്തതാണോ, ബാക്കിയുള്ളതിന് പ്രാധാന്യം കൂടിയപ്പോൾ ദൈവത്തിന് പ്രാധാന്യം കുറഞ്ഞതാണോ"?

നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുക; ഒരിക്കൽ ദൈവത്തോട് ചോദിച്ച് നേടിയ ജീവിതത്തിലേയ്ക്ക്. ഇന്ന് നമ്മൾ സ്വാഭാവികമായി അനുഭവിക്കുന്ന പലതും ഒരിക്കൽ നമ്മുടെ ഏറ്റവും വലിയ പ്രാർത്ഥനകളായിരുന്നു!
ഒരു ജോലി, ഒരു വിസ, നല്ല ശമ്പളം, കുടുംബത്തെ കൂടെ കൊണ്ടുവരാനുള്ള അവസരം, ഒരു വീട്, മക്കളുടെ സുരക്ഷിതമായ ഭാവി, രോഗത്തിൽ നിന്ന് മോചനം, ഒരു പ്രതിസന്ധിയിൽ നിന്ന് രക്ഷ


ഒരിക്കൽ ഇവയൊക്കെ കിട്ടാൻ നാം ദൈവത്തോട് കരഞ്ഞിട്ടുണ്ട്.

അന്ന് ദൈവം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായിരുന്നു!

ഇന്ന് അവയിൽ പലതും കിട്ടിയിരിക്കുന്നു.

പക്ഷേ വിചിത്രമായി, അനുഗ്രഹങ്ങൾ വർധിച്ചപ്പോൾ പ്രാർത്ഥന കുറഞ്ഞു!

നാം ദൈവത്തോട് ചോദിച്ചുകൊണ്ടിരുന്ന കാലത്ത് ദൈവത്തെ തേടി. ദൈവം തന്നത് ലഭിച്ചപ്പോൾ ദൈവത്തെ തേടേണ്ട ആവശ്യമില്ലെന്ന് തോന്നിത്തുടങ്ങി. ഇതാണ് ആത്മീയ ജീവിതത്തിലെ ഏറ്റവും സൂക്ഷ്മമായ അപകടങ്ങളിലൊന്ന്: ദാരിദ്ര്യം നമ്മെ ദൈവത്തിൽ നിന്ന് അകറ്റണമെന്നില്ല; സമൃദ്ധിയാണ് പലപ്പോഴും അകറ്റുന്നത്!



കാരണം ദാരിദ്ര്യത്തിൽ മനുഷ്യൻ "എനിക്ക് ദൈവം വേണം" എന്ന് സമ്മതിക്കും. സമൃദ്ധിയിൽ അവൻ പതുക്കെ പറയാൻ തുടങ്ങും:

"എനിക്ക് എല്ലാം കൈകാര്യം ചെയ്യാൻ കഴിയും"!

പ്രാർത്ഥിക്കാൻ സമയം കിട്ടുന്നില്ല."

ഈ വാചകം നമുക്ക് വളരെ പരിചിതമാണ്. എന്നാൽ ഒരിക്കൽ നമ്മുടെ ദിവസത്തെ സത്യസന്ധമായി പരിശോധിച്ചുനോക്കാം. ഫോണിന് സമയം കിട്ടുന്നു, സോഷ്യൽ മീഡിയയ്ക്ക് സമയം കിട്ടുന്നു, വീഡിയോകൾക്ക് സമയം കിട്ടുന്നു, ഷോപ്പിങ്ങിന് സമയം കിട്ടുന്നു, സുഹൃത്തുക്കൾക്ക് സമയം കിട്ടുന്നു, അവരോടൊത്ത് ഒരു കാപ്പിക്ക് സമയം കിട്ടുന്നു, വാരാന്ത്യ യാത്രകൾക്ക് സമയം

കിട്ടുന്നു. അവസാനമില്ലാത്ത സ്ക്രോളിങിന് പോലും സമയം കിട്ടുന്നു,; പക്ഷേ അഞ്ചു മിനിറ്റ് മുട്ടുകുത്താൻ സമയം കിട്ടുന്നില്ല.
അപ്പോൾ പ്രശ്നം ശരിക്കും സമയമാണോ?
അല്ല.
പ്രശ്നം മുൻഗണനയാണ്!
നമുക്ക് പ്രധാനപ്പെട്ട കാര്യങ്ങൾക്കായി സമയം കണ്ടെത്താറില്ല; അവയ്ക്കായി സമയം മാറ്റിവയ്ക്കാറാണ്. ഒരു അമ്മയ്ക്ക് കുഞ്ഞിനായി സമയം കണ്ടെത്താൻ ആരും ഒഴിവുസമയം സമ്മാനിക്കാറില്ല. അവൾ ജീവിതത്തിൽ നിന്ന് സമയം മാറ്റിവയ്ക്കുന്നു. ഒരു മനുഷ്യന് പണം സമ്പാദിക്കാൻ സമയം കണ്ടെത്തേണ്ടതില്ല; അതിനായി തന്റെ ജീവിതത്തിലെ വർഷങ്ങൾ മാറ്റിവയ്ക്കുന്നു. അതുപോലെ തന്നെ പ്രാർത്ഥനയ്ക്കും സമയം കിട്ടേണ്ടതില്ല.- പ്രാർത്ഥനയ്ക്കായി സമയം മാറ്റിവയ്ക്കണം.
ഇവിടെ നമ്മുടെ excuses-നെ ഏറ്റവും ശക്തമായി ചോദ്യം ചെയ്യുന്നത് നമ്മുടെ കർത്താവിന്റെ ജീവിതമാണ്.
ഈശോയുടെയും തിരക്കുള്ള ജീവിതമായിരുന്നു; രോഗികൾ കാത്തിരുന്നു, ജനക്കൂട്ടങ്ങൾ പിന്തുടർന്നു, ശിഷ്യന്മാർ ചോദ്യങ്ങളുമായി വന്നു, പ്രസംഗിക്കണം, യാത്ര ചെയ്യണം, അത്ഭുതങ്ങൾ ചെയ്യണം, ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കണം. എന്നിട്ടും സുവിശേഷകൻ ഒരു ചെറിയ വാക്യത്തിൽ യേശുവിന്റെ ആത്മീയ രഹസ്യം വെളിപ്പെടുത്തുന്നു:

"അവൻ വിജനമായ സ്ഥലങ്ങളിലേക്ക് മാറി പ്രാർത്ഥിച്ചുകൊണ്ടിരുന്നു."- ലൂക്കാ 5:16
ശ്രദ്ധിക്കണം:

തിരക്കില്ലാത്തപ്പോഴല്ല;
തിരക്കിനിടയിലാണ് അവിടുന്ന് പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുന്നത്. അതിനാൽ "എനിക്ക് തിരക്കാണ്" എന്നത് പ്രാർഥിക്കാതിരിക്കാൻ മതിയായ കാരണം

**“ഇനി മുതൽ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല”**

അല്ല. മറിച്ച്, ജീവിതം കൂടുതൽ സങ്കീർണ്ണമാകുമ്പോൾ പ്രാർത്ഥന കൂടുതൽ അനിവാര്യമാണ്. - നമ്മുടെ ജീവിതത്തിന്റെ വേഗം കൂടുമ്പോൾ, നമ്മുടെ മുട്ടുകുത്തലിന്റെ ആഴവും കൂടണം.
പ്രാർത്ഥനയെക്കുറിച്ചുള്ള മറ്റൊരു വലിയ തെറ്റിദ്ധാരണയാണ് ദൈവത്തെ അടിയന്തരാവശ്യങ്ങൾക്കുള്ള ഒരു നമ്പറായി മാത്രം കാണുന്നത്. വിമാനടിക്കറ്റ് കിട്ടുന്നില്ല; ഉടൻ പ്രാർത്ഥന, വിസ പ്രശ്നം; ഉടൻ പ്രാർത്ഥന ജോലിയിൽ പ്രശ്നം; ഉടൻ പ്രാർത്ഥന, രോഗം വരുന്നു; ഉടൻ പ്രാർത്ഥന
കുട്ടിയുടെ പരീക്ഷ; ഉടൻ പ്രാർത്ഥന.

പക്ഷേ പ്രശ്നം തീർന്നാൽ? പ്രാർത്ഥനയും തീരുന്നു! ഇത് ബന്ധമല്ല; ആവശ്യത്തിനനുസരിച്ചുള്ള ഉപയോഗമാണ്.

ദൈവം നമ്മുടെ ജീവിതത്തിലെ എമർജൻസി കോൺടാക്ട് അല്ല!

അവൻ നമ്മുടെ ജീവിതത്തിന്റെ കർത്താവാണ്. അവനെ നമുക്ക് വേണ്ടിവരുമ്പോൾ മാത്രം വിളിക്കേണ്ട ഒരാളല്ല. നമ്മുടെ എല്ലാ ദിവസങ്ങളുടെയും അർത്ഥമാണ് അവൻ.

യഥാർത്ഥ പ്രാർത്ഥനയെക്കുറിച്ചുള്ള മറ്റൊരു തെറ്റിദ്ധാരണയും ഇവിടെ തിരുത്തണം. പ്രാർത്ഥന എന്നത് ദൈവത്തോട് നമ്മുടെ ആവശ്യങ്ങളുടെ പട്ടിക സമർപ്പിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഗത്സെമനിയിൽ ഈശോയുടെ പ്രാർത്ഥന നോക്കുക:

"എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ." - ലൂക്കാ 22:42

ഇതാണ് പ്രാർത്ഥനയുടെ അന്തസത്ത. വിശുദ്ധ ഗ്രന്ഥത്തിൽ ഇസ്രായേൽ ജനത്തിന്റെ ചരിത്രം പലപ്പോഴും നമ്മുടെ സ്വന്തം ആത്മീയ ചരിത്രത്തിന്റെ കണ്ണാടിയായി തോന്നുന്നു.
മരുഭൂമിയിൽ അവർ ദൈവത്തെ വിളിച്ചു; ദൈവം മന്ന നൽകി, വെള്ളം നൽകി സംരക്ഷിച്ചു, വാഗ്ദത്തദേശത്തേക്ക് കൊണ്ടുപോയി. പക്ഷേ അനുഗ്രഹങ്ങൾ ലഭിച്ചതിനു ശേഷം മനുഷ്യന്റെ പഴയ രോഗം തിരിച്ചെത്തി:

മറവി.
അതുകൊണ്ടാണ് മോശ ഇസ്രായേലിനോട് മുന്നറിയിപ്പ് നൽകിയത്:

"നിന്റെ ദൈവമായ കർത്താവിനെ നീ മറന്നുപോകരുത്." - നിയമാവർത്തനം 8:11
ഇത് ഇന്നത്തെ മനുഷ്യനോടും പറയേണ്ട വചനമാണ്. നമ്മുടെ ഏറ്റവും വലിയ ആത്മീയ അപകടം ദൈവത്തെ നിഷേധിക്കുന്നതല്ല; ദൈവത്തെ മറക്കുന്നതാണ്.
ദൈവത്തെ നിഷേധിക്കുന്നവൻ താൻ ദൈവത്തെ നിഷേധിക്കുന്നുവെന്ന് അറിയുന്നു. പക്ഷേ ദൈവത്തെ മറക്കുന്നവൻ പലപ്പോഴും താൻ ഇപ്പോഴും വിശ്വാസിയാണെന്ന് കരുതിക്കൊണ്ടുതന്നെ അകന്നുപോകുന്നു. ഒരാൾ ഒരു ദിവസം രാവിലെ എഴുന്നേറ്റ്:

"ഇനി മുതൽ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല"

എന്ന് തീരുമാനിച്ചല്ല സാധാരണയായി വിശ്വാസം നഷ്ടപ്പെടുന്നത്. അത് വളരെ പതുക്കെയാണ് സംഭവിക്കുന്നത്. ആദ്യം പ്രാർത്ഥന കുറയുന്നു, പിന്നെ ഞായറാഴ്ച കുർബാന ഒഴിവാക്കുന്നു, കുമ്പസാരം അപൂർവമാകുന്നു, പിന്നെ വിശുദ്ധ കുർബാനയോടുള്ള വിശപ്പ് കുറയുന്നു, ആത്മീയ വായന ഇല്ലാതാകുന്നു, വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയരുന്നു, സോഷ്യൽ മീഡിയയിൽ കിട്ടുന്ന ഓരോ വിമർശനവും ശരിയാണെന്ന് തോന്നിത്തുടങ്ങുന്നു. അവസാനം ഒരിക്കൽ നമുക്ക് വളരെ വിലപ്പെട്ടിരുന്ന വിശ്വാസം തന്നെ "പഴയ തലമുറയുടെ ശീലം" ആയി തോന്നുന്നു.

വിശ്വാസം പലപ്പോഴും വലിയൊരു ഇടിവിലൂടെ അല്ല, ചെറിയ ചെറിയ അവഗണനകളിലൂടെയാണ് ചോർന്നുപോകുന്നത്.

ഇന്നത്തെ സോഷ്യൽ മീഡിയ ലോകത്ത് ഇത്തരം ചോദ്യങ്ങൾ സ്വാഭാവികമായി നമ്മിലേക്ക് എത്തുന്നു.

“ദൈവത്തോട് നേരിട്ട് ചോദിക്കാമെങ്കിൽ വിശുദ്ധരുടെ മാധ്യസ്ഥം എന്തിന്?"

“മറിയത്തോട് എന്തിന് അപേക്ഷിക്കണം?"

“ദൈവത്തെ നേരിട്ട് വിളിച്ചാൽ പോരേ?"

ഈ ചോദ്യങ്ങൾ ചോദിക്കുന്നതിൽ തെറ്റില്ല. പക്ഷേ ഉത്തരമറിയാതെ ചോദ്യത്തിന്റെ ആവേശത്തിൽ വിശ്വാസം ഉപേക്ഷിക്കരുത്.

പൗലോസ് പറയുന്നു:

“സഹോദരന്മാരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ." -
1 തെസ്സലോനിക്കർ 5:25

അപ്പോൾ ഒരു ലളിതമായ ചോദ്യം:

"ദൈവത്തോട് നേരിട്ട് പ്രാർത്ഥിക്കാൻ കഴിയുമ്പോൾ, പൗലോസ് എന്തിനാണ് മറ്റുള്ളവരോട് തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടത്"?

മറ്റൊരാളുടെ മാധ്യസ്ഥ്യം ദൈവത്തോടുള്ള നേരിട്ടുള്ള ബന്ധത്തിന്റെ പകരക്കാരനല്ല; അത് ക്രിസ്തുവിന്റെ ശരീരത്തിൽ പരസ്പരം വഹിക്കുന്ന സ്നേഹമാണ്. കത്തോലിക്കാ സഭ സ്വർഗ്ഗീയ വിശുദ്ധരുടെ മാധ്യസ്ഥ്യത്തെയും ഇതേ വലിയ ക്രിസ്തീയ കൂട്ടായ്മയുടെ വെളിച്ചത്തിലാണ് മനസ്സിലാക്കുന്നത്. വെളിപാട് 5:8-ൽ വിശുദ്ധരുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുന്നതും 8:3-4-ൽ വിശുദ്ധരുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നതും കാണാം. അതിനാൽ വിശുദ്ധരുടെ മാധ്യസ്ഥ്യം ക്രിസ്തുവിന് പകരം മറ്റൊരു രക്ഷാമാർഗം തേടുന്നതല്ല; ക്രിസ്തുവിന്റെ ഏക രക്ഷാകര മാധ്യസ്ഥ്യത്തിൽ പങ്കുചേരുന്ന സഭയുടെ പ്രാർത്ഥനയാണ്. മറിയത്തെക്കുറിച്ചുള്ള ആശയക്കുഴപ്പത്തിനും കാനായിലെ ഒരു ചെറിയ വാക്യം വലിയ മറുപടിയാണ്. വീഞ്ഞ് തീർന്നപ്പോൾ പരിശുദ്ധ അമ്മ യേശുവിനോട് പറഞ്ഞു:

“അവർക്ക് വീഞ്ഞില്ല." - യോഹന്നാൻ 2:3

പിന്നെ അവൾ പ്രശ്നം ഈശോയുടെ മുമ്പിൽ കൊണ്ടുവന്നു. അതിന് ശേഷം അവൾ സേവകരോട് പറഞ്ഞു:

“അവൻ നിങ്ങളോട് പറയുന്നതെല്ലാം ചെയ്യുവിൻ." - യോഹന്നാൻ 2:5

ഇതാണ് പരിശുദ്ധ മറിയത്തിന്റെ യഥാർത്ഥ ദൗത്യം. മറിയത്തിൽ അവസാനിക്കുന്ന ഭക്തിയല്ല കത്തോലിക്കാ ഭക്തി; മറിയത്തിലൂടെ ക്രിസ്തുവിലേക്കെത്തുന്ന ഭക്തിയാണ്. മറിയത്തെ ശരിയായി മനസ്സിലാക്കിയാൽ അവളുടെ അടുത്ത വാക്ക് എപ്പോഴും ഇതായിരിക്കും:

“അവൻ നിങ്ങളോട് പറയുന്നതെല്ലാം ചെയ്യുവിൻ."

ഇന്ന് നമ്മുടെ കൈയിലെ ചെറിയ സ്ക്രീനിൽ ലോകത്തിലെ ആയിരക്കണക്കിന് ശബ്ദങ്ങൾ ഉണ്ട്. ഒരു മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോ, ഒരു ബൈബിൾ വേർസ്, ഒരു തീവ്രമായ ചോദ്യം, ഒരു വികാരഭരിതമായ പ്രസംഗം, പിന്നെ നമ്മുടെ 2000 വർഷത്തെ വിശ്വാസപാരമ്പര്യത്തെക്കുറിച്ച് സംശയം, ചോദ്യം ചോദിക്കരുത് എന്നല്ല; ചോദിക്കണം.

പക്ഷേ ചോദിച്ചാൽ അന്വേഷിക്കുകയും വേണം.

“കത്തോലിക്ക സഭ എന്താണ് യഥാർത്ഥത്തിൽ പഠിപ്പിക്കുന്നത്?"

“ഈ ബൈബിൾ വചനത്തിന്റെ സന്ദർഭം എന്താണ്?"

“ആദ്യകാല ക്രിസ്ത്യാനികൾ ഇതിനെ എങ്ങനെ മനസ്സിലാക്കി?"

“സഭയുടെ ഔദ്യോഗിക പഠനം എന്താണ് പറയുന്നത്?"

എന്നിവ അന്വേഷിക്കണം. ഒരു 60 സെക്കന്റ് വീഡിയോയ്ക്ക് 2000 വർഷത്തെ ക്രിസ്തീയ പാരമ്പര്യത്തെ വിധിക്കാൻ കഴിയില്ല.

വാക്കുകൾ കൂട്ടിപ്പറയാൻ തുടങ്ങിയ കാലത്ത് നിന്നെ കുരിശുവരയ്ക്കാൻ പഠിപ്പിച്ചതല്ലേ? പിന്നീട് നമസ്കാരങ്ങളെല്ലാം പറഞ്ഞുതന്നതല്ലേ? എല്ലാ ഞായറാഴ്ചയും വേദപാഠം ക്ലാസ്സിലിരുത്തിയതല്ലേ? സഭയോടൊത്ത് ചിന്തിക്കുവാനും ചേർന്നുപോകുവാനും നിനക്ക് തുടർപരിശീലനങ്ങളും സംഘടനകളുമുണ്ടല്ലോ? എന്നിട്ടും നിന്നിൽ സംശയം ജനിപ്പിക്കാൻ, കേവലം റീച്ചിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരു പൊട്ട വീഡിയോയ്ക്കും ഒരു പൊട്ട ചോദ്യത്തിനും കഴിഞ്ഞെങ്കിൽ അത് സഭയുടെ തെറ്റാണോ? ശരിയായി മനസ്സിലാക്കാതെ ചോദ്യങ്ങളിൽ അഭിരമിച്ച് നീ എന്ത് നേടും?

വിവേകം വിശ്വാസത്തിന്റെ ശത്രുവല്ല; മറിച്ച് വിശ്വാസത്തെ സംരക്ഷിക്കുന്ന കാവൽക്കാരനാണ്.ഞായറാഴ്ച പള്ളിയിൽ പോകുന്നത് ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ ഒരു സാമൂഹിക ചടങ്ങായി ചുരുങ്ങിപ്പോകുന്നു.

“ഇന്ന് പോകണോ?"

“ഇന്ന് ഒന്ന് വിശ്രമിക്കാം."

“അടുത്ത ആഴ്ച പോകാം."

എന്നാൽ ദിവ്യബലി ഒരു അറ്റൻഡൻസ് രജിസ്റ്റർ അല്ല; അത് ക്രിസ്തീയ ജീവിതത്തിന്റെ ഹൃദയമാണ്.

യേശു പറഞ്ഞു:

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്." - യോഹന്നാൻ 6:54

അന്ത്യ അത്താഴത്തിൽ അവൻ പറഞ്ഞു:

"ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ." - ലൂക്കാ 22:19

അതിനാൽ ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുക്കുന്നത്:

"പള്ളിയിൽ പോയി" എന്നല്ല.അത്:

"കർത്താവേ, ഈ ലോകത്തിന്റെ തിരക്കിനിടയിലും ഞാൻ ഇപ്പോഴും നിനക്കുള്ളവനാണെ"ന്ന് പ്രഖ്യാപിക്കുകയാണ്.

നമ്മുടെ മക്കൾക്ക് നല്ല സ്കൂൾ വേണം, നല്ല വിദ്യാഭ്യാസം വേണം, നല്ല ജോലി വേണം, നല്ല വീട് വേണം, സുരക്ഷിതമായ ഭാവി വേണം.
അതെ, തീർച്ചയായും. പക്ഷേ ഒരു ചോദ്യം: അവർക്കായി ഇതെല്ലാം ഒരുക്കുമ്പോൾ അവരുടെ ആത്മാവിനായി എന്താണ് ഒരുക്കുന്നത്? അവർ നമ്മിൽ നിന്ന് പഠിക്കുന്നത് വാക്കുകളിലൂടെ മാത്രമല്ല; അവർ കാണുന്നു:

അപ്പൻ ഞായറാഴ്ച കുർബാനയ്ക്ക് പോകുന്നുണ്ടോ? അമ്മ പ്രാർത്ഥിക്കുന്നുണ്ടോ? കഷ്ടതയിൽ കുടുംബം മുട്ടുകുത്തുന്നുണ്ടോ? ഭക്ഷണത്തിന് മുമ്പ് നന്ദി പറയുന്നുണ്ടോ? കുമ്പസാരത്തെ ഗൗരവമായി കാണുന്നുണ്ടോ? പരിശുദ്ധ അമ്മയെയും വിശുദ്ധന്മാരെയും സ്നേഹത്തോടെ ഓർക്കുന്നുണ്ടോ? അല്ലെങ്കിൽ കുട്ടികൾ കേൾക്കുന്നത്:

"ഇന്ന് സമയം ഇല്ല."

എന്ന വാക്ക് മാത്രമാണോ? നമ്മുടെ മക്കൾക്ക് നാം നൽകുന്ന ഏറ്റവും വലിയ പാരമ്പര്യം നമ്മുടെ ബാങ്ക് ബാലൻസ് മാത്രമല്ല, തീർച്ചയായും അത് നമ്മൾ പകർന്ന് നൽകുന്ന വിശ്വാസമാണ്!

ഇന്ന് നമ്മൾ തിരക്കിലാണ്, ജോലിയുണ്ട്, ഡ്യൂട്ടിയുണ്ട്, ശമ്പളമുണ്ട്, പ്ലാനുകളുണ്ട്, യാത്രകളുണ്ട്, സ്വപ്നങ്ങളുണ്ട്. പക്ഷേ ജീവിതത്തിന് ഒരു അവസാന തീയതിയുണ്ട്! ഒരു ദിവസം നമ്മുടെ ജോലി അവസാനിക്കും. ഒരു ദിവസം നമ്മുടെ ഫോൺ നിശ്ശബ്ദമാകും. ഒരു ദിവസം ബാങ്ക് അക്കൗണ്ട് നമ്മെ സഹായിക്കില്ല. ഒരു ദിവസം കാർ, വീട്, പദവി, ശമ്പളം - ഒന്നും കൂടെ വരില്ല. അപ്പോൾ നാം നിൽക്കുക ഒരേയൊരു സത്യത്തിന്റെ മുമ്പിലാണ്: ദൈവത്തിന്റെ മുമ്പിൽ. അന്ന് ഈശോ ചോദിക്കുന്നു:

"മനുഷ്യൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം?" - മർക്കോസ് 8:36

അതിനാൽ ഇന്ന് നീ നേടിയതെല്ലാം തെറ്റാണെന്ന് പറയുന്നില്ല; പക്ഷേ, നീ നേടിയതിന്റെ ഇടയിൽ നിന്നെ തന്നെ നഷ്ടപ്പെടുത്തരുത്.

നല്ല ജോലി ഒരു അനുഗ്രഹമാണ്. നല്ല ശമ്പളം ഒരു അനുഗ്രഹമാണ്. വിദേശത്ത് സുരക്ഷിതമായ ജീവിതം ഒരു അനുഗ്രഹമാണ്. കുടുംബത്തോടൊപ്പം ജീവിക്കാൻ കഴിയുന്നത് അനുഗ്രഹമാണ്. മക്കളുടെ ചിരി അനുഗ്രഹമാണ്. പക്ഷേ, ഓരോ അനുഗ്രഹത്തിനും ഒരു പരീക്ഷയുണ്ട്:

"ഇതെല്ലാം തന്ന് നിന്നെ അനുഗ്രഹിച്ച ദൈവത്തെ നീ മറക്കുമോ?"
ദൈവം നൽകിയതിനെ ദൈവത്തിന് പകരമാക്കരുത്. അനുഗ്രഹം ആരാധനയുടെ സ്ഥാനത്ത് വന്നാൽ അത് അനുഗ്രഹമല്ലാതാകുന്നു. അതിനാൽ നമ്മുടെ ജീവിതത്തിൽ ഇടയ്ക്കൊന്ന് ചോദിക്കണം: "എന്റെ ആത്മാവ് കൂടുതൽ ദൈവത്തോട് അടുത്തോ"?
അതെ.
നമുക്ക് പ്രാർത്ഥിക്കാൻ കാരണങ്ങൾ എണ്ണിത്തീർക്കാനാവില്ല!.

ജീവിച്ചിരിക്കുന്നത് ഒരു കാരണം.

ശ്വാസമെടുക്കുന്നത് ഒരു കാരണം.

കുടുംബമുള്ളത് ഒരു കാരണം.

മക്കളുള്ളത് ഒരു കാരണം.

ജോലിയുള്ളത് ഒരു കാരണം.

ജോലിയില്ലാത്തത് പോലും ഒരു കാരണം.

സന്തോഷമുള്ളത് ഒരു കാരണം.

ദുഃഖമുള്ളത് ഒരു കാരണം.

രോഗമുള്ളത് ഒരു കാരണം.

ആരോഗ്യമുള്ളത് ഒരു കാരണം.

നേടിയതിനാൽ നന്ദി പറയാൻ ഒരു കാരണം.
നഷ്ടപ്പെട്ടതിനാൽ ആശ്വാസം തേടാൻ ഒരു കാരണം.

പാപം ചെയ്തതിനാൽ കരുണ തേടാൻ ഒരു കാരണം.

ക്ഷമ ലഭിച്ചതിനാൽ നന്ദി പറയാൻ ഒരു കാരണം.

ഭാവിയെക്കുറിച്ച് ഭയമുള്ളതിനാൽ ഒരു കാരണം.

ഭാവി മനോഹരമായതിനാൽ നന്ദി പറയാൻ ഒരു കാരണം.

ഒടുവിൽ; ക്രിസ്തു നമ്മെ സ്നേഹിച്ചതിനാൽ മാത്രം പ്രാർത്ഥിക്കാൻ ഒരു കാരണമുണ്ട്.

അവൻ നമ്മെ രക്ഷിച്ചതിനാൽ ഒരു കാരണമുണ്ട്.

അവൻ ക്രൂശിൽ നമുക്കുവേണ്ടി സ്വയം സമർപ്പിച്ചതിനാൽ ഒരു കാരണമുണ്ട്.

അവൻ ഉയിർത്തെഴുന്നേറ്റതിനാൽ ഒരു കാരണമുണ്ട്.

അവൻ നമ്മെ തന്റെ മക്കളാക്കിയതിനാൽ ഒരു കാരണമുണ്ട്.

നിത്യജീവൻ വാഗ്ദാനം ചെയ്തതിനാൽ ഒരു കാരണമുണ്ട്.

അപ്പോൾ പ്രാർത്ഥിക്കാതിരിക്കാൻ എന്താണ് കാരണം?

ഒരിക്കൽ കേരളത്തിലെ ഒരു വീട്ടിൽ മുട്ടുകുത്തി:

"കർത്താവേ, എന്നെ വിദേശത്ത് എത്തിക്കണമേ"

എന്ന് കരഞ്ഞ മനുഷ്യൻ ഇന്ന് അതേ ദൈവത്തോട്:

"എനിക്ക് സമയമില്ല"

എന്ന് പറയുമ്പോൾ, ഒരുപക്ഷേ ദൈവം ചോദിക്കുന്നത് ഇതായിരിക്കും:

"നിന്നെ ഇവിടെ എത്തിക്കാൻ ഞാൻ സമയം കണ്ടെത്തിയപ്പോൾ, എന്നോടൊപ്പം കുറച്ച് സമയം ചെലവഴിക്കാൻ നിനക്ക് എന്തുകൊണ്ട് കഴിയുന്നില്ല?"
ഇതിന് ഉത്തരം കണ്ടെത്തേണ്ടത് മറ്റാരുമല്ല.

നാം തന്നെയാണ്.

ഒരിക്കൽ നമ്മൾ ദൈവത്തോട് ഒരു വാതിൽ തുറക്കണമെന്ന് അപേക്ഷിച്ചു.
അവൻ വാതിൽ തുറന്നു.

ഇന്ന് ആ വാതിലിനപ്പുറം നാം പുതിയൊരു ജീവിതം പണിതു.
പക്ഷേ ആ ജീവിതത്തിന്റെ വാതിൽക്കൽ നിൽക്കുന്ന ദൈവത്തോട് നാം പറയരുത്:

"കുറച്ചു നേരം കാത്തിരിക്കൂ; എനിക്ക് തിരക്കാണ്." എന്ന്.

വലിയ നേർച്ചകളൊന്നും വേണ്ട, വലിയ വാക്കുകളും വേണ്ട. ഇന്ന് രാത്രി ഫോൺ ഒന്ന് മാറ്റിവെക്കുക. അഞ്ച് മിനിറ്റ് മുട്ടുകുത്തുക. ഒന്നും ചോദിക്കേണ്ട. ഒന്നും വിശദീകരിക്കേണ്ട.ഒരൊറ്റ വാക്ക് പറയുക:

"കർത്താവേ, നീ എന്നെ മറന്നിട്ടില്ല.
മറക്കാനിടവരരുതേ"

പിന്നെ നാളെ വീണ്ടും പ്രാർത്ഥിക്കുക. അടുത്ത ദിവസം വീണ്ടും. കുടുംബത്തോടൊപ്പം വീണ്ടും. ദിവ്യബലിയിൽ വീണ്ടും. കുമ്പസാരത്തിൽ വീണ്ടും. വിശുദ്ധ കുർബാനയിൽ വീണ്ടും. അങ്ങനെ പതുക്കെ നമുക്ക് തിരിച്ചറിയാം:

പ്രാർത്ഥന ജീവിതത്തിൽ നിന്ന് സമയം എടുത്തുകളയുന്നില്ല. പ്രാർത്ഥനയാണ് ജീവിതത്തിന് അർത്ഥം നൽകുന്നത്. ഒരു ദിവസം നാം ദൈവത്തോട് ചോദിച്ചുകൊണ്ടാണ് ഈ യാത്ര ആരംഭിച്ചത്.

"കർത്താവേ, എന്നെ അവിടെ എത്തിക്കണമേ."
അവൻ നമ്മെ എത്തിച്ചു.
ഇന്ന് നമ്മുടെ പ്രാർത്ഥന മാറട്ടെ:

"കർത്താവേ, എന്നെ ഇവിടെ എത്തിച്ചതിന് നന്ദി. പക്ഷേ നിന്നെ നഷ്ടപ്പെടാൻ എനിക്കിടവരരുതേ".

കാരണം ഈ ലോകത്തിനും വിദേശത്തെ ജോലിയ്ക്കും നമ്മൾ ആഗ്രഹിക്കുന്നതെല്ലാം ഒരുപക്ഷെ നേടിത്തരാൻ കഴിയും. നല്ല ജോലി, ശമ്പളം, വീട്, വാഹനം, പണം, ഉല്ലാസം,. പക്ഷേ ഒരു കാര്യം മാത്രം ലോകത്തിന് നൽകാൻ കഴിയില്ല:

നമ്മുടെ ആത്മാവിന് സമാധാനം.
അത് ദൈവത്തിന് മാത്രമേ കഴിയൂ.

അതുകൊണ്ട് ഇനി ഞാൻ എന്തിന് പ്രാർത്ഥിക്കണം എന്നിനി ചോദിക്കേണ്ട. പകരം, ജീവിതത്തിന്റെ നിശ്ശബ്ദമായ ഒരു രാത്രിയിൽ സ്വയം ചോദിക്കാം:


"പ്രാർത്ഥിക്കാതിരിക്കാൻ എനിക്കൊരു കാരണം വേണം..."

അന്വേഷിച്ചുനോക്കൂ.

ഒരുപക്ഷേ...


പ്രാർത്ഥിക്കാതിരിക്കാൻ യഥാർത്ഥത്തിൽ ഒരു കാരണവും നിങ്ങൾക്ക് കണ്ടെത്താനാവില്ല.

**അതുൽ**



വേനലിന്റെ ചൂട് കുറഞ്ഞു സെപ്റ്റംബറിലേക്ക് കാലെടുത്തു വെക്കുമ്പോഴും മാൾട്ടയിലെ ഫെസ്റ്റ ആഘോഷങ്ങൾക്ക് ആവേശം ഒട്ടും കുറയുന്നില്ല. പെരുന്നാൾ സീസണിന്റെ അവസാനഘട്ടത്തിൽ മതപരമായ ചടങ്ങുകൾക്കൊപ്പം വർണാഭമായ തെരുവുകളും ബാൻഡ് ക്ലബ്ബുകളും വെടിക്കെട്ടുകളും പരമ്പരാഗത ആഘോഷങ്ങളും ദ്വീപുകളെ സജീവമാക്കുന്നു.

# വേനൽക്കാലത്തെ യാത്രയാക്കാൻ ആഘോഷ സമ്പന്നമായ




**സെപ്റ്റംബറിലെ പ്രധാന ആഘോഷങ്ങൾ ഇവയാണ്**

## വിശുദ്ധ കാതറിൻ

6

മാൾട്ടയിലെ പ്രശസ്തമായ പെരുന്നാളുകളിലൊന്നാണ് സൂറിഖിലെ വിശുദ്ധ കാതറിൻ തിരുനാൾ. മനോഹരമായ വെടിക്കെട്ടും വർണാഭമായ തെരുവ് അലങ്കാരങ്ങളും പ്രധാന ആകർഷണങ്ങളാണ്. പ്രധാന കവലയിലെ വിശുദ്ധ കാതറിന്റെ ശില്പസമുച്ചയവും ശ്രദ്ധേയമാണ്. മുള്ളുകളുള്ള ചക്രത്തിലേറ്റിയുള്ള വധശിക്ഷയിൽ നിന്ന് ദൈവീക ഇടപെടലിലൂടെ വിശുദ്ധ രക്ഷപ്പെടുന്ന നിമിഷമാണ് അതിൽ ചിത്രീകരിച്ചിരിക്കുന്നത്.

## Our Lady of Graces, Żabbar

13

സബ്ബാറിലെ Festa-യുടെ പ്രത്യേകത നീലയും പച്ചയും നിറങ്ങളിൽ നടക്കുന്ന ബാൻഡ് ക്ലബ് ആഘോഷങ്ങളും മത്സരങ്ങളും ആണ്. വലിയ കുടകളും ഫാനുകളും ഉപയോഗിച്ച് തെരുവുകൾ നിറയ്ക്കുന്ന കാഴ്ച ഏറെ ശ്രദ്ധേയമാണ്.

മറ്റൊരു പ്രധാന ആകർഷണം Mellieħa മുതൽ Żabbar വരെ നടക്കുന്ന മോട്ടോർബൈക്ക്-സൈക്കിൾ റാലിയാണ്. മറിയത്തിന്റെ ചിത്രം വഹിക്കുന്ന ട്രക്കിന് പിന്നാലെ നൂറുകണക്കിന് പേർ പങ്കെടുക്കുന്നു. ബറോക്ക് പള്ളിയും പഴയ കടൽയാത്രക്കാരുടെ സമർപ്പണ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന പാരിഷ് മ്യൂസിയവും സന്ദർശിക്കാവുന്നതാണ്.

സെപ്റ്റംബർ 5
Our Lady of Consolation — Valletta

സെപ്റ്റംബർ 6
St. Francis of Assisi — Qawra • St. Gregory the Great — Sliema •
Our Lady of Mount Carmel — Xlendi •
St. Catherine — Żurrieq

## Our Lady of Victories

8

മാൾട്ടയുടെ ചരിത്രത്തിലും ദേശീയ ജീവിതത്തിലും ഏറെ പ്രാധാന്യമുള്ള ദിവസമാണ് സെപ്റ്റംബർ 8. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാളിനൊപ്പം 1565-ലെ Great Siege വിജയവും 1943-ലെ ഇറ്റാലിയൻ വെടിനിർത്തലും ഈ ദിവസം അനുസ്മരിക്കുന്നു.
വാലറ്റയിലെ സെന്റ് ജോൺസ് കോ-കത്തീഡ്രലിൽ പ്രത്യേക ദിവ്യബലിയും Great Siege സ്മാരകത്തിൽ ആദരവർപ്പിക്കലും നടക്കും. Grand Harbour-ലെ പരമ്പരാഗത Regatta മത്സരവും ഈ ദിവസത്തെ പ്രധാന ആകർഷണമാണ്. Mellieħa, Naxxar, Senglea, Xagħra എന്നിവിടങ്ങളിലും വലിയ ആഘോഷങ്ങൾ നടക്കുന്നു.

## സെന്റ് അഗസ്റ്റിൻ

20

വാലറ്റയിലെ Old Bakery Street-ലെ സെന്റ് അഗസ്റ്റിൻ പള്ളിയിലാണ് ഈ Festa നടക്കുന്നത്. 2017-ൽ കൊത്തിത്തുടങ്ങി 2022-ൽ പൂർത്തിയാക്കിയ ഇവിടുത്തെ തിരുനാൾ പ്രതിമ വാലറ്റയിലെ ഏറ്റവും പുതിയ പ്രതിമകളിലൊന്നാണ്.

സെപ്റ്റംബർ 8
Our Lady of Victories — Mellieħa, Naxxar, Senglea, Xagħra

സെപ്റ്റംബർ 13
Our Lady of Graces — Żabbar

സെപ്റ്റംബർ 20
St. Leonard — Ħal Kirkop •
St. Augustine — Valletta • Our Lady of Graces — Victoria

സെപ്റ്റംബർ 27
Stigmata of St. Francis of Assisi — Marsa •

Our Lady of Mellieħa — Mellieħa
മതവിശ്വാസവും മാൾട്ടയുടെ ചരിത്രവും കലയും സംഗീതവും വെടിക്കെട്ടും ഒത്തുചേരുന്ന സെപ്റ്റംബർ ആഘോഷങ്ങൾ, മാൾട്ടീസ് Festa സംസ്കാരത്തിന്റെ വൈവിധ്യം അടുത്തറിയാനുള്ള മികച്ച അവസരമാണ്.

**ഫിജോ**



# സീറോ മലബാർ സഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനം സമാപിച്ചു; ഫാ. തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി

കാക്കനാട്: സീറോ മലബാർ സഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനം ഓഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി ശുശ്രൂഷ ചെയ്യുന്നവരും അജപാലന ശുശ്രൂഷയിൽനിന്ന് വിരമിച്ചവരുമായ 52 മെത്രാൻ പിതാക്കന്മാർ പങ്കെടുത്തു. അജപാലനം, ആരാധനാക്രമം, കാനോൻ നിയമം, ഭരണസംവിധാനം തുടങ്ങിയ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സിനഡിൽ വിശദമായി ചർച്ച ചെയ്തു.

പ്രാർത്ഥന, പരസ്പര ശ്രവണം, ദൈവഹിതാന്വേഷണം എന്നിവ സിനഡൽ പ്രക്രിയയുടെ അടിസ്ഥാനമാകണമെന്ന് ഉദ്ഘാടന സന്ദേശത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ വ്യക്തമാക്കി. സഭ നേരിടുന്ന സമകാലിക വെല്ലുവിളികൾക്ക് സുവിശേഷത്തിന്റെ വെളിച്ചത്തിൽ മറുപടി നൽകുന്നതിനായി ആത്മീയവും അജപാലനപരവുമായ നവീകരണം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സീറോ മലബാർ സഭ കൂടുതൽ പ്രേഷിതാഭിമുഖ്യവും തീക്ഷ്ണതയും ഉള്ള സഭയായി മാറണമെന്നും പുതിയ സാഹചര്യങ്ങളിലേക്കും പുതിയ ജനവിഭാഗങ്ങളിലേക്കും സുവിശേഷസന്ദേശം ധൈര്യപൂർവം എത്തിക്കണമെന്നും മേജർ ആർച്ചുബിഷപ്പ് ആഹ്വാനം ചെയ്തു.

കൃത്രിമബുദ്ധിയുടെ അതിവേഗ വളർച്ചയുടെ പശ്ചാത്തലത്തിൽ മനുഷ്യാന്തസ്സും സ്വാതന്ത്ര്യവും സത്യവും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും സിനഡ് ഉദ്ഘാടന സന്ദേശത്തിൽ പ്രത്യേകമായി ചൂണ്ടിക്കാട്ടപ്പെട്ടു. സാങ്കേതികവിദ്യയെ അനാവശ്യമായ ഭയത്തോടെ നിരസിക്കുകയോ വിവേചനരഹിതമായി സ്വീകരിക്കുകയോ ചെയ്യാതെ മനുഷ്യന്റെ നന്മയ്ക്കും സമഗ്രവികസനത്തിനും പൊതുനന്മയ്ക്കും ഉപകരിക്കുന്ന രീതിയിൽ ഉപയോഗിക്കാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്നും മേജർ ആർച്ചുബിഷപ്പ് വ്യക്തമാക്കി.

ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിന്റെയും പശ്ചാത്തലത്തിൽ രാജ്യനിർമാണത്തിൽ സഭയ്ക്കുള്ള ഉത്തരവാദിത്വവും അദ്ദേഹം എടുത്തുപറഞ്ഞു. എല്ലാ പൗരന്മാരുടെയും അന്തസ്സും നീതിയും സമത്വവും മനഃസാക്ഷിയുടെ സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന സമൂഹനിർമാണത്തിൽ സഭ പ്രതിജ്ഞാബദ്ധമായി തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. വ്യക്തിപരമായ താൽപര്യങ്ങൾക്കു പകരം സഭയുടെ പൊതുനന്മയും കൂട്ടായ വിവേചനവും മുൻനിർത്തിയാണ് സിനഡൽ തീരുമാനങ്ങൾ രൂപപ്പെടേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

സിനഡിന്റെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളിലൊന്നായിരുന്നു കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ആനിമൂട്ടിലിനെ തെരഞ്ഞെടുത്തത്. സിനഡിന്റെ തിരഞ്ഞെടുപ്പിന് പരിശുദ്ധ പാപ്പാ ലിയോ പതിനാലാമന്റെ മുൻകൂർ അനുമതിയുണ്ടായിരുന്നു. ഓഗസ്റ്റ് 27-ന് വത്തിക്കാനിലും കാക്കനാട് മൗണ്ട് സെന്റ് തോമസിലും ഒരേസമയം പ്രഖ്യാപനം നടന്നു. കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി നിയമിക്കപ്പെട്ട ഫാ. തോമസ് ആനിമൂട്ടിൽ 1962 ജനുവരി 13-ന് കണ്ണൂർ ജില്ലയിലെ പയ്യാവൂരിൽ ജനിച്ചു. 1989 ഏപ്രിൽ 13-ന് പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് ദ ഹോളി ക്രോസിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് നേടി. പൗരോഹിത്യ ശുശ്രൂഷയ്ക്കിടെ വിവിധ ഇടവകകളിലും സഭയുടെ ഭരണരംഗത്തും സേവനം ചെയ്ത അദ്ദേഹം 2003 മുതൽ 2008 വരെ അമേരിക്കയിലെ ചിക്കാഗോ സെന്റ് തോമസ് രൂപതയിലും ശുശ്രൂഷ നിർവഹിച്ചു. 2025 മുതൽ കോട്ടയം അതിരൂപതയുടെ പ്രോ-പ്രോട്ടോസിഞ്ചെല്ലൂസായി സേവനം ചെയ്തുവരികയായിരുന്നു.

മെത്രാഭിഷേകത്തിന്റെ തീയതി പിന്നീട് പ്രഖ്യാപിക്കുമെന്ന് സഭ അറിയിച്ചു.

സിനഡിൽ അൽമായരുടെ സഭാസേവനത്തിനുള്ള അംഗീകാരമായ 'സഭാതാരം' ബഹുമതിയും പ്രഖ്യാപിച്ചു. തൃശൂർ അതിരൂപതാംഗമായ ശ്രീ. സന്തോഷ് കരുമാത്രയെയും എറണാകുളം-

-അങ്കമാലി അതിരൂപതാംഗമായ ശ്രീ. ജേക്കബ് പൈനാടത്തിനെയും സഭയ്ക്കും പൊതുസമൂഹത്തിനും നൽകിയ ശ്രദ്ധേയമായ സേവനങ്ങൾ പരിഗണിച്ച് ഈ ബഹുമതിക്കായി തെരഞ്ഞെടുത്തു. വിവിധ രൂപതകളിൽനിന്ന് ലഭിച്ച നാമനിർദേശങ്ങൾ പരിശോധിച്ച സിനഡൽ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സിനഡ് തിരഞ്ഞെടുപ്പ് നടത്തിയത്. 2027 ജൂലൈ 3-ന് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന ദുക്റാന–സഭാദിനാഘോഷങ്ങളോടനുബന്ധിച്ച് 'സഭാതാരം' പുരസ്കാരം സമ്മാനിക്കും.

സാർവത്രിക സഭയുടെ മതബോധന ദൗത്യരംഗത്തും സീറോ മലബാർ സഭയുടെ സാന്നിധ്യം ശക്തമാകുന്ന സാഹചര്യമാണ് സിനഡ് സമ്മേളനത്തിൽ ശ്രദ്ധിക്കപ്പെട്ടത്. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും സീറോ മലബാർ മതബോധന കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കൽ അന്താരാഷ്ട്ര മതബോധന കൗൺസിൽ അംഗമായി അഞ്ചുവർഷത്തേക്ക് നിയമിതനായതിൽ സിനഡ് സന്തോഷം രേഖപ്പെടുത്തി. സീറോ മലബാർ സഭയുടെ അജപാലന അനുഭവവും മതബോധന രംഗത്തെ വൈദഗ്ധ്യവും സാർവത്രിക സഭയ്ക്ക് വിലപ്പെട്ട സംഭാവനയാകുമെന്ന് മേജർ ആർച്ചുബിഷപ്പ് പ്രത്യാശ പ്രകടിപ്പിച്ചു.

സഭയുടെ വിവിധ തലങ്ങളിലുള്ള ശുശ്രൂഷകരുടെ ജൂബിലി ആഘോഷങ്ങളെയും സിനഡ് അനുസ്മരിച്ചു. മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ജോർജ് പുന്നക്കോട്ടിലിനെയും, പൗരോഹിത്യത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ആൻഡ്രൂസ് താഴത്തിനെയും, മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പെരുന്തോട്ടത്തെയും മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനെയും മേജർ ആർച്ചുബിഷപ്പ് അഭിനന്ദിക്കുകയും സഭയ്ക്കായി അവർ നൽകിയ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. 2026-ൽ നിര്യാതരായ ഗൊരഖ്പൂർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ഡൊമിനിക് കൊക്കാട്ട് സി.എസ്.ടി., രാജ്കോട്ട് രൂപതയുടെ എമിരിറ്റസ് മെത്രാൻ മാർ ഗ്രിഗറി കരോട്ടേമ്പ്രേൽ സി.എം.ഐ. എന്നിവരെയും സിനഡ് പ്രാർത്ഥനാപൂർവം അനുസ്മരിച്ചു.

കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നീ മൂന്ന് അടിസ്ഥാന മനോഭാവങ്ങളോടെ സഭയുടെ സിനഡൽ യാത്ര മുന്നോട്ടുകൊണ്ടുപോകണമെന്ന് മേജർ ആർച്ചുബിഷപ്പ് മെത്രാൻ പിതാക്കന്മാരോട് ആഹ്വാനം ചെയ്തു. അഭിപ്രായങ്ങളുടെ മത്സരമല്ല സിനഡാലിറ്റിയെന്നും പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിൽ മെത്രാന്മാർ ഒരുമിച്ച് ദൈവഹിതം അന്വേഷിക്കുന്ന പ്രക്രിയയാണ് അതെന്നും അദ്ദേഹം വ്യക്തമാക്കി. സഭയുടെ പൊതുനന്മയും ദൈവത്തിന്റെ മഹത്വവും ലക്ഷ്യമാക്കി കൂട്ടായ ഉത്തരവാദിത്വത്തോടെ തീരുമാനങ്ങൾ സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഓർമ്മിപ്പിച്ചു.

2026 ഓഗസ്റ്റ് മാസത്തെ സിനഡ് സമ്മേളനം അതിനാൽ പുതിയൊരു മെത്രാനെ തിരഞ്ഞെടുക്കുന്നതിൽ മാത്രം ഒതുങ്ങിയില്ല. അതിവേഗം മാറുന്ന സാമൂഹിക-സാങ്കേതിക സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം എങ്ങനെ കൂടുതൽ ഫലപ്രദമാക്കാം, അജപാലന നവീകരണം എങ്ങനെ ശക്തിപ്പെടുത്താം, സുവിശേഷസാക്ഷ്യം പുതിയ മേഖലകളിലേക്ക് എങ്ങനെ വ്യാപിപ്പിക്കാം, സഭയുടെ ആന്തരിക ഐക്യവും കൂട്ടായ ഉത്തരവാദിത്വവും എങ്ങനെ വളർത്താം എന്നീ വിശാലമായ ചോദ്യങ്ങളിലേക്കാണ് സിനഡ് ശ്രദ്ധ തിരിച്ചത്.

# സ്നേഹവും സഹോദര്യവും നിറച്ച്

## പൂക്കളം 2026

പൗള: ഓണത്തിന്റെ ആഘോഷപ്പൊലിമയിൽ സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും സന്ദേശം പകർന്നുകൊണ്ട് പൗള സെന്റ് മേരീസ് ഫാമിലി യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'പൂക്കളം 2026' ശ്രദ്ധേയമായി. ഓഗസ്റ്റ് 29-ന് പൗള ക്രൈസ്റ്റ് ദ കിംഗ് ബസിലിക്ക ഹാളിൽ നടന്ന പരിപാടിയിൽ കുട്ടികളും മുതിർന്നവരും കുടുംബങ്ങളുമെല്ലാം ആവേശപൂർവം പങ്കുചേർന്നു.





മത്സരങ്ങളുടെയും ആഘോഷങ്ങളുടെയും നിറപകിട്ടിനപ്പുറം കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ഊട്ടിയുറപ്പിക്കാനും കുട്ടികളിൽ സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മൂല്യങ്ങൾ വളർത്താനും 'പൂക്കളം 2026'ന് സാധിച്ചു. ഒരുമയുടെ സന്ദേശം ഹൃദയങ്ങളിൽ നിറച്ച്, ഓണത്തിന്റെ സന്തോഷം പങ്കുവെച്ചുകൊണ്ട് പൗള സെന്റ് മേരീസ് ഫാമിലി യൂണിറ്റിന്റെ ഈ ആഘോഷം ഏവരുടെയും മനസ്സിൽ മധുരമായ ഓർമ്മയായി മാറി.

വിവിധ സോണുകളിൽ നിന്നുള്ള കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടന്ന ആഘോഷത്തിൽ നിരവധി വിനോദ-മത്സര പരിപാടികൾ അരങ്ങേറി. തിരുവാതിരയും വടംവലിയും ഉൾപ്പെടെയുള്ള മത്സരങ്ങൾ ആഘോഷത്തിന് ആവേശവും ഉണർവും പകർന്നു. പരസ്പരം മത്സരിച്ചും ഒരുമിച്ച് ആഘോഷിച്ചും കുടുംബങ്ങൾ പങ്കുവെച്ച സൗഹൃദം പരിപാടിയുടെ ഏറ്റവും മനോഹരമായ കാഴ്ചകളിലൊന്നായി.

റവ. ഫാ. മാത്യു വാരുവേലിൽ, ഫാ. ജേക്കബ്, ഫാ. ഡാമിയൻ, ഫാ. ജോജി എന്നിവരുടെ സാന്നിധ്യം ആഘോഷത്തിന് ആത്മീയമായ ചാരുത പകർന്നു. ട്രസ്റ്റി ശ്രീ. ഡൊമിനിക് ചാക്കോ, ശ്രീ. ജെയിൻ ജോസഫ്, ശ്രീ. ജോഷിൻ എന്നിവരും വിവിധ സോണുകളിൽ നിന്നുള്ള കുടുംബാംഗങ്ങളോടൊപ്പം പരിപാടിയിൽ പങ്കെടുത്തു.

ഓണത്തിന്റെ പാരമ്പര്യവും തനിമയും വിളിച്ചോതുന്ന വിഭവസമൃദ്ധമായ ഓണസദ്യയും സംഘാടകർ ഒരുക്കിയിരുന്നു. ഒരുമിച്ചിരുന്ന് ഓണസദ്യ ആസ്വദിച്ച കുടുംബങ്ങൾ പങ്കുവെച്ച സൗഹൃദവും സ്നേഹവും ആഘോഷത്തിന്റെ സന്തോഷം കൂടുതൽ വർധിപ്പിച്ചു.













**കുട്ടികളിൽ ആത്മീയവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സെലസ്റ്റീനോ സമ്മർ ക്യാമ്പ് 2026 ആഗസ്റ്റ് 22, 23 തീയതികളിൽ സൊസൈറ്റി ഓഫ് ക്രിസ്റ്റ്യൻ ഡോക്ട്രിൻ മ്യൂസിയം, ഹാമറൂണിൽ നടന്നു. ഏകദേശം 150 കുട്ടികളും 20 ഓളം അധ്യാപകരും ക്യാമ്പിൽ പങ്കെടുത്തു.**

ST. THOMAS SYRO MALABAR COMMUNITY - MALTA

# the APOSTLE



ഒക്ടോബർ ലക്കം പാരിഷ് ബുള്ളറ്റിനിലേക്കുള്ള രചനകൾ ക്ഷണിക്കുന്നു.

കഥ, കവിത, ലേഖനങ്ങൾ, ചിത്ര കല. ഇങ്ങനെ ദൈവം നിങ്ങൾക്ക് നൽകിയ കഴിവുകൾ എന്തുമാവട്ടെ അത് വളർത്തുവാനും ദൈവത്തിനും മറ്റുള്ളവർക്കുമായി പങ്കു വെയ്ക്കുവാനും ഇതാ ഒരു അവസരം...
നിങ്ങളുടെ സർഗ്ഗസൃഷ്ടികൾ ഈ മാസം ഇരുപതാം തിയതിക്കു മുൻപ് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിലേയ്ക്ക് അയയ്ക്കുക.

നിങ്ങളുടെ കഴിവ് ഒരു ദൈവദാനമാണ് അത് പങ്കുവെക്കൂ, പ്രചോദനമാകൂ........

**സ്നേഹാശംസകളും ഓർമ്മദിനങ്ങളും പങ്കുവെക്കാം... നമ്മുടെ പാരിഷ് ബുള്ളറ്റിനിലൂടെ**


**ജന്മദിനാശംസകൾ, വിവാഹ വാർഷിക ആശംസകൾ, പ്രിയപ്പെട്ടവരുടെ ഓർമ്മദിനങ്ങൾ, വ്യക്തിഗത / സ്ഥാപന പരസ്യങ്ങൾ**

**നമ്മുടെ ഇടവക കുടുംബത്തിലെ സന്തോഷങ്ങളും സ്നേഹസ്മരണകളും എല്ലാവരിലേക്കും എത്തിക്കാം.**

**ഫോട്ടോയും വിവരങ്ങളും അയക്കേണ്ട WHATSAPP നമ്പർ**

അതുൽ +356 77184138
ഫിജോ +356 77985997

# VISIT OUR WEBSITE FREQUENTLY FOR DAILY UPDATES




**"Please make sure to register officially through the website to become a member of our parish directory."**

Visit Website
www.stthomassyromalabarparishmalta.org

follow us